# Little Kites

## G.G.V.H.S.S, Feroke

# മുകുളം



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

*A Digital Magazine 2018-19*

## മുഖക്കുറി

ഇത് മുകുളം
ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ
ഡിജിറ്റൽ മാഗസിൻ
ഡിജിറ്റൽ മാഗസിൻ എന്ന സങ്കല്പം
ഒരു വിത്തായ് മനസ്സിൽ വീണിട്ട്
കുറച്ച് നാളായി....
എങ്ങനെനടണമെന്നോ
എങ്ങനെനിലമൊരുക്കണമെന്നോ
ഒരു രൂപവുമില്ലായിരുന്നു.
പൂർവമാതൃകകൾ പരിചയമുണ്ടായിരുന്നില്ല.
എങ്കിലും
നിലമൊരുക്കി
തടംകൂട്ടി
കമ്പ് നാട്ടി ഞങ്ങൾ കാത്തിരുന്നു
അങ്ങനെ...
അത്ഭുതം, ആഹ്ലാദം
അത് മുളപൊട്ടിയിരിക്കുന്നു.
മുളപൊട്ടി, ഇലവിരിഞ്ഞ്, തളിരണിഞ്ഞ്
നാമ്പ് നീട്ടിയ ഈ മുകുളം
നിങ്ങൾക്കായ് സമർപ്പിക്കുന്നു

സ്നേഹാദരവോടെ



പി. രാധാകൃഷ്ണൻ
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



സിന്ധു കിഴക്കേക്കുനി
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്



# സന്ദേശം

പുതിയ കാലത്തിന്റെ ആവശ്യങ്ങളെ നിറവേറ്റാൻ കുട്ടികളെ പര്യാപ്തമാക്കുന്ന കൈറ്റും ലിറ്റിൽ കൈറ്റ്സും,കുട്ടികൾക്കായി തുറന്ന് കൊടുക്കുന്നത് അനന്തമായ സാധ്യതകളുടെ ലോകമാണ്.
വരുംകാലം വിവര സാങ്കേതിക വിദ്യയുടേതാകയാൽ അതിൽ നിന്നും നമ്മുടെ കുട്ടികൾക്കും ഒട്ടും പിറകോട്ട് പോകാൻ പാടില്ല.വിവര വിനിമയ സാങ്കേതികത ലോകത്തേക്കുള്ള ഒരു പ്രവേശന കവാടമാകട്ടെ മുകുളം ഡിജിറ്റൽ മാഗസിൻ.

മാഗസിൻ അണിയിച്ചൊരുക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് പ്രവർത്തകർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**ഫറോക്ക്**

**15-1-2019**


**മൂസകോയ പാലത്തിങ്ങൽ**

**എച്ച്.എം**

**ജി.ജി.വി.എച്ച്.എസ്.എസ്,ഫറോക്ക്**



# സന്ദേശം

വിവര വിനിമയ സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും സാമൂഹിക പ്രതിബദ്ധതയുമുള്ളഒരു തലമുറയെ വാർത്തെടുക്കാൻ നടത്തിയ ഈ സദുദ്യമത്തിന് എല്ലാ വിജയാശംസകളും നേരുന്നു.

എ. അബൂബക്കർ സിദ്ദിക്ക്
പി. ടി. എ. പ്രസിഡന്റ്.
ജി. ജി. വി. എച്ച്. എസ്സ്. ഫറോക്ക്



# സ്കുൾതല നിർവഹണസമിതി



അബൂബക്കർ സിദ്ധിക്ക്.എ

(ചെയർമാൻ)

കൺവീനർ



മൂസക്കോയ പാലത്തിങ്ങൽ

വൈസ് ചെയർമാന്മാർ



സുബൈർ .കെ.



സുഭിഷ.കെ



രത്നാകരൻ



പി.രാധാകൃഷ്ണൻ

(കൈറ്റ് മാസ്റ്റർ)



സിന്ധു കിഴക്കെകുനി

(കൈറ്റ് മിസ്ട്രസ്സ്)



ഹാരിസ്.ഒ

(സാങ്കേതിക ഉപദേഷ്ടാവ്)



മഴ.എം

(സ്കൂൾ ലീഡർ)



അഖിൻ.കെ.എം

(ലിറ്റിൽ കൈറ്റ്സ് ലീഡർ)



ആര്യ.വി

(ലിറ്റിൽ കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ)


Littile Kites GGVHSS,FEROKE

# Editorial Board






Sri:Radhakrishnan P
(KITE master)

Smt:Sindhu Kizhakkekunni
(KITE mistress)





Akhin.K.M





Adith.K





Aswin.O





Arya.v





Smt:Sukanya.u



ശ്രേയ സൈറേഷ് . വി

# ക്ലാസ്സുമുറിയിലെ മൂകപ്രണയം

ക്ലാസ്മുറിയിലെ ചുമരിന് , അവിടുത്തെ
വാതിൽപ്പെണ്ണിനോട് പ്രണയമാണ്
ആരെങ്കിലും വരുന്നതുകണ്ടാൽ , അവൻ
അവളെ നെഞ്ചോട് ചേർക്കും .
അവൻ സകലസമയവും അവളുടെ കാതിൽ–
മൂകനായി സല്ലപിച്ചുകൊണ്ടിരിക്കും .

അവളെ അവന്റെയടുക്കൽനിന്ന് തട്ടിയെടുത്ത് ,
അവളെ ഉച്ചത്തിലടച്ച് , വേദനിപ്പിയക്കുന്ന
പ്യൂൺസാറിനെ അവന് വെറുപ്പാണ്.

പക്ഷെ അടുത്ത പ്രഭാതത്തിൽ–
അവൾ വീണ്ടും അവന്റെയടുക്കലെത്തും.
ആരോടും പറയാതെ , നിശബ്ദമായി
അവനിന്നും അവളെ പ്രണയിക്കുന്നു.

ശ്രേയ സൈറേഷ് . വി
9th E
G.G.V.H.S.S
FEROKE



ഫിദ ഷഹാന . എം.കെ

# മഴ നനഞ്ഞ പ്രണയം

ചിലപ്പോഴൊക്കെ എന്റെ ഓർമ്മ നിന്നിലേക്ക് മാത്രമായി ഒതുങ്ങാറുണ്ട് അപ്പോഴൊക്കെ ഞാൻ ഓർക്കുന്നു അതാവാം നീയെന്നെ വിട്ട് പോയപ്പോഴും നമ്മുടെ പ്രണയം അലഞ്ഞു നടക്കാതിരുന്നത് ......

ഇനിയും ഓർമ്മകളിലെ വരികൾ എഴുതി തീരാതെ വരികളിലേക്ക് നോക്കി ഇരുന്നു പവിത്ര. പുറത്ത് നിലാവൊഴുകുന്ന രാത്രി, നിശ്ചലമാകാതെ ഓടികൊണ്ടിരിക്കുന്ന ക്ലോക്ക്. സമയം മുമ്പോട്ട് പോകവെ പവിത്ര ഓർമ്മയുടെ വരാന്തയിലേക്ക് കാലെടുത്തുവച്ചു. കൽപ്പടവുകൾ കയറി പവിത്ര ചെന്ന് നിന്നത് ഒരു കലാലയ മുറ്റത്താണ്. പനിനീർപ്പൂക്കൾ ചിതറികിടക്കുന്ന മുറ്റം പുഞ്ചിരിയാലെ പവിത്രയെ വരവേറ്റു.

“എന്താ പവി നിനക്കൊന്നു നേരത്തെ വന്നൂടെ'', അരുണിമ ദയയാലെ ചോദിച്ചു. പവിത്രയുടെ ഉറ്റചങ്ങാതിയാണ് അരുണിമ, കോളേജിൽ അവളായിരുന്നു പവിത്രയുടെ കൂടെ നടന്നിരുന്നത്. രക്തബന്ധത്തേക്കാൾ വലുതാണ് സ്നേഹബന്ധം എന്ന് പവിത്ര തിരിച്ചറിഞ്ഞത് അരുണിമ തന്റെ ജീവിതത്തിൽ വന്നതിനു ശേഷമാണ്.

“പവി....., നിനക്ക് വേണ്ടിയാണ് അരുൺ കാത്തുനിൽക്കുന്നത്, വേഗം പോകൂ, അവൻ ലാബിൽ ഉണ്ട്'' അരുണിമ പവിത്രയുടെ കൈകളിൽ പിടിച്ചുകൊണ്ട് പറഞ്ഞു. ഇത് കേട്ട് പവിത്ര ഒന്ന് പുഞ്ചിരിക്കുക മാത്രമേ ചെയ്യ്തൊള്ളൂ. എന്ത് കേട്ടാലും പവിത്രയുടെ ചിരി അതാണ് അവളുടെ സവിശേഷത. അരുണിമയുടെയും പവിത്രയുടെയും സഹപാഠി അരുണ് കോളേജിലെ രാഷ്ട്രീയ നേതാവാണ്. പവിത്ര കോളേജിലെ യുവ എഴുത്തുകാരിയും . അവൾ എഴുതി കോളേജിൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'പവിത്രം' . പവിത്ര എന്ന

പുസ്തകപ്പുഴുവിനോട് ആദ്യമൊക്കെ അവന് ആരാധനയായിരുന്നു. കോളേജ് മാഗസിനിൽ അവളെഴുതിയ കഥകൾ അവനിലേക്ക് പ്രണയത്തിന്റെ നിഴലായി ഒഴുകി. അവൻ അവന്റെ സ്നേഹം ഒടുവിൽ പവിത്രയെ അറിയിച്ചു, എന്നാൽ മൗനമായിരുന്നു അവളിൽ നിന്ന് അവന് കിട്ടിയ മറുപടി. അവളുടെ ഉറ്റചങ്ങാതി അരുണിമ അരുണിന്റെ ഭാഗത്താണ്. അതുകൊണ്ടു തന്നെ അവന് വേണ്ടി അവൾ പവിത്രയോട് സംസാരിച്ചു. പവിത്ര ലൈബ്രറിയുടെ മുന്നിലേക്ക് നടന്നു. അവിടെ അവൾ തന്നെ പ്രതീക്ഷിച്ചിരിക്കുന്ന രണ്ടു കണ്ണുകൾ കണ്ടു. അവിടെ പതിയെ അവന്റെ അരികിലേക്ക് നീങ്ങി. എന്നിട്ട് അവൾ അവനോട് പറഞ്ഞു, " അരുൺ .......... എനിക്ക് പ്രണയം ഇഷ്ടമാണ് , ഞാൻ പ്രണയിക്കുന്നു മഴയെ, കടലിനെ, ഇളം വെയിലിനെ, ഉദയത്തെ, അസ്തമയത്തെ ..... ഞാൻ മനസ്സറിഞ്ഞു പ്രണയിക്കുന്നു. എന്നാൽ ഒരു വ്യക്തിയോട് എനിക്ക് പ്രണയം തോന്നുന്നില്ല. ഇന്ന് നീ എനിക്ക് പ്രണയം തന്നാൽ നാളെ ഞാൻ നിന്നിലേക്ക് തരുന്നത് ഒരുപക്ഷേ വിരഹമായിരിക്കും , അതുകൊണ്ട് നിന്നിൽ വിരിഞ്ഞ പ്രണയ പൂക്കൾ നിന്നിൽ തന്നെ കൊഴിഞ്ഞുവീഴണം, ഇത്രയും പറഞ്ഞ് പവിത്ര നിർത്തി. അരുണിന്റെ മറുപടിയ്ക്ക് കാത്തുനിൽക്കാതെ അവൾ നടന്നകന്നു. നടന്നു പോകവേ ഒരു നിമിഷം പിന്നിലേക്ക് തിരിഞ്ഞു, ആരോടെന്നി ല്ലാതെ അവൾ അരച്ച് തുപ്പിയ വാക്കുകൾ കേട്ട് നിൽക്കുന്ന അരുണിനെ അവൾ ഒരുനിമിഷം നോക്കി, വീണ്ടും നടന്നകന്നു. "സാരമില്ല" ചെറിയൊരു വേദന അതുപതിയെ കാലം മായ്ക്കും" അവൾ ആരോടെന്നില്ലാതെ മനസ്സിൽ പറഞ്ഞു. "പവി നീ എന്തു പറഞ്ഞു" ആകാംഷയോടെ അരുണിമ പവിത്രയോട് ചോദിച്ചു, ഒരു പുഞ്ചിരി മാത്രമായിരുന്നു അതിന് അരുണിമയ്ക്ക് കിട്ടിയ മറുപടി. എന്നാൽ അരുണിമയോട് അരുൺ കാര്യങ്ങളെല്ലാം പറഞ്ഞിരുന്നു. "ഒരിക്കൽ എന്റെ പ്രണയം പവിത്ര മനസ്സിലാക്കും , അത് വരെ ഞാൻ കാത്തിരിക്കും" , എന്ന് പറഞ്ഞ് അരുൺ നടന്നകന്നു.

കാലം എങ്ങോട്ടെന്നില്ലാതെ ഓടിമറയവെ കോളേജ് പഠനം കഴിഞ്ഞ് പവിത്രയും അരുണിമയും വേർപിരിഞ്ഞു, ഇത്രയും കാലങ്ങൾക്കിടയിൽ തങ്ങളുടെ സൗഹൃദത്തിന് മരണമില്ലെന്ന് അവർ കത്തിലൂടെയും ഫോണിലൂടെയും ഉറപ്പിച്ചിരുന്നു, വിടപറച്ചിലിന്റെ വേദന മനസ്സിലേറ്റികൊണ്ട് പവിത്ര തന്റെ തറവാട്ടിലേയ്ക്കാണ് പോയത് . അമ്മയുടെ മരണശേഷം പവിത്രയെ അച്ഛൻ വിദേശത്ത് കൊണ്ടുപോയെങ്കിലും അവൾ അവിടെ നിൽക്കാതെ തറവാട്ടിലേക്ക്

തിരിച്ച് പോന്നു. പണം മാത്രമാണ് ജീവിതം എന്ന് വിചാരിച്ച് കഴിയുന്ന അച്ഛൻ അവളിൽ അറപ്പുളവാക്കി. കോളേജ് കാലം കഴിഞ്ഞ് പതിവുപോലെ അവൾ വീടിന്റെ ഉമ്മറത്ത് ഇരിപ്പുറപ്പിച്ചു. ദീർഘനിശ്വാസം വിട്ട് അവൾ തന്റെ പഴയ കാലങ്ങളിലേക്ക് നോക്കി നിൽക്കെ , "പവി... ഇതാ നിനക്ക് ഒരു കത്ത് "എന്ന് മുത്തശ്ശിയുടെ വിളിച്ചുപറയൽ കേട്ട് അവൾ ഞെട്ടിയുണർന്നു. ഇതാരായിരിക്കും ഇപ്പോൾ കത്ത് അയക്കാൻ , അച്ഛനായിരിക്കുമോ? അദ്ദേഹമാണെങ്കിൽ പിച്ചികീറുകയാണ് ചെയ്യാറുള്ളത് , എന്നാൽ ഈ കത്തിന് വലിപ്പം കൂടുതലുണ്ടല്ലോ, എന്നൊക്കെ മനസ്സിൽ വിചാരിച്ച് അവൾ ആ കത്ത് പൊട്ടിച്ച് വായിച്ചു.

സ്നേഹമാർന്ന പവിക്ക്, ഞാൻ അരുണിമ, കാലങ്ങളിത്രയായിട്ടും നീ എനിയ്ക്ക് കത്തയച്ചില്ലല്ലോ, സാരമില്ല നിനക്ക് സമയം കിട്ടിയിട്ടുണ്ടാവില്ല എന്ന് എനിയ്ക്കറിയാം, ഞാൻ നിന്നെ ക്ഷണിക്കാനാണ് ഈ കത്ത്, എന്റെ വിവാഹം നിശ്ചയിച്ചു, ആളാരാണെന്ന് നിന്നോട് ഞാൻ പറയാം , കാരണം അവൻ നിന്നിൽ അറപ്പുള്ളവനായിരുന്നു, പേര് അരുൺ. ബാക്കി വരികൾ വായിക്കാതെ പവിത്ര കത്ത് നിലത്തിട്ടു. എന്തോ താനവനെ സ്നേഹിച്ചില്ലെങ്കിലും മനസ്സിലെന്തോ ഉണ്ടായിരുന്നു. അത് പറയാൻ മനസ്സനുവദിച്ചില്ല എന്ന് മാത്രം, അവൾ മുറിയിലേക്ക് നടന്നു ജനലഴികളിൽ മുഖം ചേർത്തു. ഇളംകാറ്റ് അവളെ തലോടി. ക്ലോക്കിൽ സമയം 3 മണി ആയതിന്റെ മുഴക്കം കേട്ടു. മഴയ്ക്ക് ശക്തി കൂടിവന്നു. ആ മഴയിലൂടെ വിദൂരതയിലേക്ക് നോക്കി അവൾ ഇങ്ങനെ പറഞ്ഞു, "പ്രണയം ഇഷ്ടമാണ് , ഞാൻ പ്രണയിക്കുന്നുണ്ട് , മഴയെ,വെയിലിനെ,ഉദയത്തെ, അസ്ഥമയത്തെ"പിന്നീട് പവിത്ര പതിയെ കണ്ണുകളടച്ചു, അവളുടെ ആത്മാവ് മന്ത്രിച്ചു " നീ അരുണിനെ പ്രണയിക്കണമായിരുന്നു"............

# THE RAIN



SWANTHANA.M
**8.N**

*I like to be outside, chill in the rain,*
*I like to play in the rain;*
*Scattering water, making paper boats.*

*And getting net in the rain.*
*The rain drops play with me and*
*shouts when they scatter.*
*Thunder gives then round*
*Lightning gives then colour*
*I collected the rain drops in my plan*
*And splattered it into thousands.*
*I think they are competing*
*who will be first,who will win*
*Thunder makes me scarly and lightning*
*Makes me astonish*
*As an angel of the heaven lightning falls to earth*
*As a screan of clouds thunder rounds on earth.*

# ഫറോക്കിന്റെ വിദ്യാഭ്യാസ ചരിത്രം നാൾവഴികളിലൂടെ



അന്വയ.പി.പി
10.E

ഒരു ജനതയുടെ സാമൂഹ്യ പിന്നോക്കാവസ്ഥ മറികടക്കാൻ സാമൂഹ്യപരിഷ്കർത്താക്കളും ഭരണാധികാരികളും ചേർന്ന നടത്തിയവിപ്ലവകരമായ ഇടപെടലുകളാണ് കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ അടിത്തറ.നമ്മുടെ സാംസ്കാരിക മുഖച്ഛായ തന്നെ മാറ്റിത്തീർത്ത പ്രവർത്തങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ പിന്നീടങ്ങോട്ടു നടപ്പിലായത്. സ്വന്തന്ത്ര്യ പൂർവ കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട നാട്ടുകളരിയും പള്ളിക്കൂടങ്ങളും ഓത്തുപള്ളികളൊക്കെ മുഖ്യലക്ഷ്യമാക്കിയത് വിദ്യ നേടി മുഖ്യധാരയിലെത്താൻ ശ്രമിക്കുന്ന പിന്നോക്ക സമുദായങ്ങളുടെ വികാസം തന്നെയാണ്.ഇക്കാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങളോട് ചേർത്ത് വെയ്ക്കുമ്പോഴാണ് പഴയ കാലത്തേ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ മഹത്വം നാം തിരിച്ചറിയുന്നത് . വിദ്യഭ്യാസത്തിലൂടെ സാമൂഹ്യ ഉന്നമനമെന്ന പൊതുധാരണയിലൂന്നിക്കൊണ്ട് ത്തന്നെയാണ് കോഴിക്കോട് ബ്ളോക്കിലുൾപ്പെട്ട വിവിധ പഞ്ചായത്തുകളിലെ വിദ്യാഭ്യാസ പ്രക്രിയകളും സ്ഥാപനങ്ങളും രൂപം കൊണ്ടെതെന്ന ചരിത്രത്തിന്റെ തലവഴികളിൽ തെളിയുന്നുണ്ട് .പ്രാദേശികവും സാമുദായികവുമായ വിമോചന പാതയിലേക്ക് വഴി തുറന്ന വിദ്യാലയങ്ങളുടെ സാംസ്കാരിക ചിത്രമാണ് ഇവിടെ ചിട്ടപ്പെടുത്തുന്നത്.

പഴയ തെക്കേ മലബാറിൽ വിദ്യഭ്യാസ രംഗത്ത് മുന്നിട്ടു നിന്ന പ്രദേശമായിരുന്ന ഫറോക്ക് .സംസ്കൃത പണ്ഡിതർ സവർണ്ണ വിഭാഗങ്ങളിലെ കുട്ടികളെ വേദങ്ങളും ഉപനിഷത്തുകളും പഠിപ്പിക്കുന്ന സംവിധാനം ഫറോക്കിൽ പലയിടങ്ങളിലായി നിലനിന്നിരുന്ന .പള്ളിത്തറ ,മഠത്തിൽപാടം , കുതിരക്കോട് എന്നിവ ഉദാഹരണങ്ങൾ . ഇന്നത്തെ പള്ളിത്തറ ക്ഷേത്രം ഏകദേശം 800 വർഷങ്ങൾക്ക് മുൻപ് പുത്തലത് ഗുരുക്കൾ എന്ന ബ്രാഹ്മണ വിഭാഗത്തിൽ പെട്ടവരാൽ നടത്തപ്പെട്ടിരുന്ന ഗുരുകുല വിദ്യാലയമായിരുന്നു.ഓത്തു പള്ളിക്കൂടം എന്നും അത് അറിയപ്പെട്ടിരുന്ന . വേദം,വൈദ്യം ,ജ്യോത്സ്യം ഗണിതം,സാഹിത്യം,എന്നിവയുടെ പ്രാഥമിക പഠനം സംസ്കൃതത്തിൽ നടത്തിയിരുന്നു. പണ്ട് പിന്നോക്കക്കാർക്കും ദളിതർക്കും വിദ്യാഭ്യാസം നിഷേധിച്ചിരുന്ന . അന്ന് ഉയർന്ന ജാതിക്കാരുടെ കുത്തകയായിരുന്ന വിദ്യാഭ്യാസം .

1906 ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ഒരു ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിക്കുന്നതോടു കൂടി ഫറോക്ക് ആധുനിക വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു .പിന്നീട് ഘട്ടംഘട്ടമായി പല സ്കൂളുകളും നിലവിൽ വന്നു .
സ്കൂൾ വിദ്യാഭ്യാസത്തിന് അധികമൊന്നും സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്ക്ക്കൂടി പഠനസൗകര്യം ലക്ഷ്യമാക്കി ഒരു സേവനമെന്ന നിലയിൽ സ്ഥാപിക്കപ്പെട്ട ഗണപത് സ്കൂളുകളുടെ ഭാഗമായാണ് 1927 -ൽ ഫറോക്കിൽ ഒരു മിഡിൽ സ്കൂൾ ആരംഭിച്ചത് . ഇത്തരം സ്കൂളുകളുടെ നടത്തിപ്പിനായി മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റി രൂപവത്കരിച്ചു .ഈ സൊസൈറ്റിയുടെ ആദ്യത്തെ സെക്രട്ടറി ഗണപത് റാവുവിന്റെ മകനായ സർവോത്തമറാവു ആയിരുന്നു. 1944 കാലത്തു ഫറോക്ക് മേഖലയിലും അതിനുമപ്പുറവും ഉള്ളവർ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കോഴിക്കോട്ടു പോകേണ്ടിയിരുന്നു.കാൽനടയായിഇത്രയുംദൂരംപോയി പഠിക്കേണ്ടിവരുന്നതിലുള്ള വിദ്യാർത്ഥികളുടെ പ്രയാസം മനസ്സിലാക്കി മിഡിൽ സ്കൂളിന് വേണ്ടി ഫറോക്ക് റെയിൽവേ സ്റ്റേഷന് സമീപം 1 .23 ഏക്കർ സ്ഥലത്തു ഫറോക്കിലെ പൗര പ്രമുഖരും വ്യവസായ പ്രമുഖരും ചേർന്നു കെട്ടിടങ്ങളും ഒരു മൈതാനവും അന്ന് സംഭാവന ചെയ്തു .

ഈ വിദ്യാലയമാണ് ഫറോക്കിന്റെ അഭിമാനമായി നിലകൊള്ളുന്ന" ഫറോക്ക് ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ ". മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റി ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യത്തെ പ്രധാനാധ്യാപകൻ സർവോത്തമ മല്ല്യ മാസ്റ്റർ ആയിരുന്നു .

പഠിക്കാൻ താല്പര്യമുണ്ടായിരുന്ന ധാരാളം പേർ എട്ടും പത്തും മൈൽ ദൂരം കാൽനടയായി സഞ്ചരിച്ചു ഈ സ്കൂളിൽ വന്നിരുന്നു .1950 -ൽ പുറത്തിറങ്ങിയ സിക് സിത് ഫോറം (എസ് .എസ് .എൽ.സി )ആദ്യ ബാച്ചിൽ തന്നെ പലരുടെയും വിജയം ഉന്നത നിലവാരം പുലർത്തിയിരുന്നു .1957 -ൽ സ്കൂൾ നടത്തിപ്പിനായി കെട്ടിടങ്ങളും വസ്തുവകകളും സൊസൈറ്റി സർക്കാരിനെ ഏൽപ്പിച്ചു . അന്നുമുതൽ ഗവൺമെൻറ് ഗണപത് ഹൈസ്കൂൾ ആയി മാറി .

1 .23 ഏക്കറിൽ തുടർ വർഷങ്ങളിലുണ്ടായ കുട്ടികളുടെ ബാഹുല്യം നിമിത്തം സെഷണൽ സമ്പ്രദായം തുടങ്ങി. ഈ സാഹചര്യത്തിൽ സ്കൂളിനു കൂടുതൽ സൗകര്യങ്ങൾ കിട്ടുന്നതിന് വേണ്ടി ഇപ്പോഴത്തെ ബസ്സ്റ്റാൻഡിന് സമീപം 3 .43 ഏക്കർ ഭൂമി ഗവണ്മെന്റ് ഏറ്റെടുക്കുകയും പുതിയ കെട്ടിടങ്ങൾ പണിയുകയും ചെയ്തു .അതോടെ സ്കൂളിന്റെ പ്രവർത്തനം

രണ്ടു സ്ഥലത്തായി. ഫറോക്ക് റെയിൽവേ സ്റ്റേഷന് സമീപം യു .പി വിഭാഗം പ്രവർത്തിച്ചുവരുന്നു .1996 -ൽ ആരംഭിച്ച ഫറോക്ക് എ .ഇ.ഒ . ഓഫീസ് സ്കൂളിന്റെ നാലു മുറികളിലായി പ്രവർത്തിക്കുന്നു .ബസ്റ്റാന്റിന് സമീപത്തുള്ള കെട്ടിടങ്ങളിലാണ് ഹൈസ്കൂൾ , ഹയർ സെക്കന്ററി ,വി .എച്ച് .എസ് . സി വിഭാഗങ്ങൾ പ്രവർത്തിക്കുന്നത് .

1984 -ൽ ഓത്തുപള്ളിക്കൂടമായി പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ് ഇന്നത്തെ ജി . എം .എൽ .പി .സ്കൂൾ ഫറോക്ക് . സൈതു മുഹമ്മദ് ഹാജിയാണ് ഈ സ്ഥാപനം ആരംഭിച്ചത് .പിന്നീടത് 1981 -ൽ ഫറോക്ക് പ്രാഥമികാരോഗ്യകേന്ദ്രത്തിനു സമീപമുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റി .

1928 -ൽ ആരംഭിച്ച വിദ്യാലയമാണ് ജി.എം.എൽ .പി .സ്കൂൾ . ശ്രീ .പണ്ടാരപ്പെട്ടി മുഹമ്മദ് മാസ്റ്ററുടെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് അന്നത്തെ ജി .എം .എൽ .പി സ്കൂളിന്റെ പഴയ കെട്ടിടം നിർമ്മിക്കാൻ വേണ്ടി നൽകിയത് .സർക്കാർ വാടക കൊടുത്ത് കുറെ വർഷങ്ങൾ ആ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചു .1982 -ൽ സർക്കാർ അക്വയർ ചെയ്ത സ്ഥലത്തു നിർമ്മിച്ചതാണ് ഇന്ന് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടം .

പഠനത്തിൽ വിമുഖത പുലർത്തിയ വിദ്യാർത്ഥികളെ വീട്ടിൽ ചെന്ന് കണ്ടു സ്കൂളിലേക്ക് കൂട്ടികൊണ്ടുവരുകയും സ്കൂളിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്ത ശ്രീ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ അവിസ്മരണീയ വ്യക്തത്വമാണ് .

കരുവൻതുരുത്തി വികസന കമ്മറ്റിയുടെയും എം .എൽ . എ ആയിരുന്ന ശ്രീ. എൻ .പി . മൊയ്‌തീൻ സാഹിബിന്റെയും പരിശ്രമഫലമായി ലഭിച്ച യു .പി . സ്കൂളാണ് ബി .എം .ഒ .യു .പി .സ്കൂൾ കരുവൻതുരുത്തി

ഹരിജനങ്ങൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്ന കാലത്ത് പരേതനായ ശ്രീ .ചൂലാൻ കൃഷ്ണൻ എന്ന മനുഷ്യസ്നേഹി 1924 -നു മുൻപ് കുണ്ടേതടത്തിൽ ഒരു വീടിന്റെ ചായ്‌പിൽ വെറും ഏഴ് കുട്ടികളെ ഇരുത്തി പഠനം ആരംഭിച്ച വിദ്യാലയമാണ് ജി.ഡബ്ല്യൂ .എൽ .പി. സ്കൂൾ ഫറോക്ക് . പൂതേരി മാധവൻ നായർ ,രാവുണ്ണി നായർ, കുട്ടി കൃഷ്ണൻ നായർ

എന്നിവരുടെ സഹായത്തോടെ ആണ് ഈ സ്കൂൾ ആരംഭിക്കുന്നത്ആദി ദ്രാവിഡ സ്കൂൾ എന്നായിരുന്ന ആണ് ഈ വിദ്യാലയത്തിന്റെ പേര് .സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം വെൽഫെയർ ഡിപ്പാർട്മെന്റിന്റെ കീഴിൽ വരുകയും ഹരിജൻ വെൽഫെയർ സ്കൂൾ ആയി മാറുകയും ചെയ്തു .ഹരിജനങ്ങൾ മാത്രമാണ് 1972 -ന മുൻപ് ഇവിടെ പഠിച്ചിരുന്നത് .പിന്നീട വെൽഫെയർ ഡിപ്പാർട്മെന്റിൽ നിന്ന് സർക്കാർ ഏറ്റെടുക്കുകയും ഗവണ്മെന്റ് വെൽഫെയർ എൽ .പി.സ്കൂളായി മാറുകയും ചെയ്തു .

1902 -ൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ സ്ഥാപിച്ച സ്കൂളാണ് ബി .എം .യു .പി . സ്കൂൾ ഫറോക്ക് അക്കാലത്തു അവർണ്ണ സവർണ്ണ ഭേദമെന്യേ എല്ലാവർക്കും എവിടെ പ്രവേശനമുണ്ടായിരുന്ന .

1954 -ൽ സാമൂഹിക പ്രവർത്തകനും അധ്യാപകനും പൗര പ്രമുഖനുമായ ശ്രീ. എ .ടി . ചെറുചോയി മാസ്റ്റർ പ്രസിഡന്റായി രൂപീകരിച്ച കമ്മറ്റിയുടെ മേൽനോട്ടത്തിൽ നാട്ടുകാരുടെ സഹായസഹകരണത്തോടെ ശ്രീ. ചെറുചോയി മാസ്റ്റർ സൗജന്യമായി നൽകിയ സ്ഥലത്തു നിർമ്മിച്ച വിദ്യാലയമാണ് വെസ്റ്റ് നല്ലൂർ ഗവണ്മെന്റ് എൽ.പി .സ്കൂൾ. ശ്രീ. ദാമോദരൻ മാസ്റ്റർ ഏക അദ്ധ്യാപകനായി പ്രവർത്തനം ആരംഭിച്ചു .ഏതാണ്ട് നൂറിൽ പരം വർഷം പഴക്കമുള്ള വിദ്യാലയമാണ് നല്ലൂരിലെ ജി.ജി .യു .പി . സ്കൂൾ .നല്ലൂർ ശിവക്ഷേത്രത്തിനടുത്തുള്ള മാര്ത്തു ഭവനത്തിലെ കുഞ്ഞിരാമ മാരാർ ആണ് ഈ സ്ഥാപനം തുടങ്ങിയത്. പിന്നീട് മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റിയെ സ്ഥാപിച്ച വിദ്യാലയം സൊസൈറ്റി സ്ഥാപകൻ ഗണപത് റാവുവിന്റെ പേരിലാവുകയും പിന്നീട് സർക്കാരിന് കൈമാറുകയും ചെയ്തു .

പെരുമുഖം പ്രദേശത്തെ പ്രധാന വിദ്യാലയമാണ് നല്ലൂർ ഈസ്റ്റ് എ .യു .പി. സ്കൂൾ .1930 -ൽ മലയിൽ അയ്യപ്പൻ എന്ന ആളുടെ സഹായ സഹകരണത്തോടെ തലശ്ശേരി നിവാസി ആയ ശ്രീ. കുഞ്ഞാപ്പു മാസ്റ്ററുടെ മാനേജ്മെന്റിലാണ് ഈ വിദ്യാലയം സ്ഥാപിതമായത് . നല്ലൂർ ഈസ്റ്റ് എലിമെന്ററി സ്കൂൾ എന്നായിരുന്ന ആദ്യകാലത്തെ പേര് .

എം. ഐ.എ.എം.എൽ.പി.എസ്.പെരുമുഖം, എ.എം എൽ.പി.എസ് പുറ്റെക്കാട് ,ജി.എൽ.പി എസ് നല്ലൂർ എന്നിവയും ഫറോക്ക് നഗരസഭയിലെ വിദ്യാലയങ്ങളാണ് .

**അന്വയ.പി.പി**

10 E

.

# മഴയോട്



ഹാരിസ് . ഒ

മഴ കാണാൻ കൊതിക്കുന്നൊരു മനസ്സ്
മഴ പോലെയെന്നിൽ പെയ്യും മനസ്സും
മനസ്സിനെ പിടിച്ച് വെക്കാൻ കഴിയുന്നില്ല ,
ഒരു നേർത്ത തെന്നലിന്റെ അകമ്പടിയോടെ
ഒരു ചാറ്റൽമഴ പോലെ എന്നിലേക്കണഞ്ഞിട്ട്
ഒരു ചെറുജാലകത്തിലൂടെ ഏറെനേരം നോക്കി
ഒടുവിലെപ്പോഴാണ് നീ പെയ്തു തുടങ്ങിയത്?

ഇനിയെനിക്കീ മഴയിൽ നനയണം , കുളിരണം
ഈ മഴയുടെ തണുപ്പും താളവുമാസ്വദിക്കണം
ഇടിയും മിന്നലും പേമാരിയും കൊടുങ്കാറ്റുമെല്ലാം
ഇരച്ചെത്തിയാലുമീ മഴ തോരാതെ പെയ്യണം ,
ഉള്ളു തണുപ്പിച്ച് ഏറെ നനയിച്ച് ;ഒടുവിലീ മഴ
ഉരുകിയൊലിക്കുന്ന വേനലിനു മുന്നിൽ വഴിമാറും
അന്നും , എന്നിൽ പെയ്ത മഴയോർമ്മകളുടെ
അവസാനത്തെ വാതിലും തുറന്നു കാത്തിരിക്കും,

വെയിലേറ്റു വാടി തളർന്നു ഞാൻ വീണു പോകാം
കരിയില കാറ്റും പൊടിയുമെൻ കാഴ്ചകൾ മറക്കാം
ഓർമ്മകൾ നര ബാധിച്ച് കാലമെന്നെ പരീക്ഷിക്കാം

എങ്കിലും; പെയ്യാൻ വിതുമ്പി കാറ്റ് ദൂരേക്ക് നീക്കിയ
മഴമേഘം തിരിച്ച് വീശുന്ന കാറ്റിൽ മടങ്ങിയെത്തി
പെയ്തെന്നെ തണുപ്പിക്കുമെന്ന് മോഹിക്കുന്നു.

ഇനിയൊരു മടങ്ങി വരവില്ലെന്നുറപ്പിക്കുമൊരു
യാത്ര പുറപ്പെടുന്നതു നീയെന്നിലേക്കാവണം,
നാം തീർത്ത മതിലുകൾ ഭേദിച്ച് മുന്നോട്ട്
പോകാനൊരുങ്ങുന്ന സഞ്ചാരിയാവണം ,
എന്റെ ഇടനെഞ്ചിനുള്ളിൽ ഞാൻ നട്ടു പിടിപ്പിച്ച
പൂവാക മരങ്ങളെ തളിർപ്പിക്കും മഴയാവണം
ആ മരച്ചില്ലയിൽ ഞാനൊരുക്കിയ കൂടിനുള്ളിൽ
ചിറകുകളൊതുക്കി കേറുമൊരു പക്ഷിയാവണം.

# अपनेआँसू



(अनीना---८-बी)

इन्रधनुष की सारी रंगों को,
अपना कपडा बनाकर आयी थी वो तितली
न मधु को मिलने पर
निराशा होकर चली गयी ।

होता है कभी कभी आँखों से आँसू
जब लाल पील सूर्य जैसी गुलमोहर के
एक किरण गिर जाए ।

जब आस्मान में चमके सितारें नहीं तो ,
लगता है चाँद को,
उसके आँखें गायब है ।

जियो या मरो
कहती है पकृती हमसे
"मुझे जीना है ,मुझे जीना है " ।

हवा में है
रोशनीमें है

मिट्ठी में है
जीने का शब्द ।
मुस्कुराता है पर भी .....
रोता है दिल से ।

दिल के दर्द को बदलना है मुशकिल,
बारिश जैसे आँसू चूम लेता है
प्यासे मिट्ठी की गालों में।

अहिस्ताअहिस्ता चलाजाता है
पेड को छोडकर,
पौधों को छोडकर,
हवा को छोडकर,

दूर दूर बहुत दूर.....
जीने के लिए



# അമ്മിക്കല്ല്

ആര്യ.വി
9.D

UAE യിലെ ഒരു എയർപോർട് സമയം പുലർച്ചെ 6 മണി "Flight No;144 UAE to INDIA is landed on the second platform" അനൗൺസ്‌മെന്റ് കേട്ടപ്പോഴേക്കും ആളുകളുടെ ആരവങ്ങൾ .വർഷങ്ങളായ് കാണാതിരുന്ന തങ്ങളുടെ ബന്ധുക്കളെ ഒരു നോക്ക് കാണാനുള്ള ആവേശം ഫ്ലൈറ്റിലേക്കു വരുന്നവരുടെയും പോകുന്നവരുടെയും തിരക്കുകൾ . ആളുകൾ കയറിത്തുടങ്ങി. രാജീവനു വിൻഡോ സീറ്റ് ആയിരുന്നു ലഭിച്ചത് .ചുറ്റുമുള്ള കാഴ്ച്കൾ എല്ലാം കണ്ടുകൊണ്ടുള്ള ഇ യാത്ര അയാൾ ഏറെ ഇഷ്ടപെട്ടിരുന്നെങ്കിലും ഈ യാത്ര അയാൾക്ക് അത്ര താത്പര്യമുള്ളതായിരുന്നില്ല .

രണ്ടുദിവസം മുമ്പാണ് 'അമ്മ മരിച്ചത് .ഇന്നാണ് ലീവ് ലഭിച്ചത് സംസ്കാരം കഴിഞ്ഞ ഉടൻ തന്നെ തിരിച്ചു പോവണം അമേരിക്കയിലുള്ള മൂത്തചേച്ചി വരില്ല്യാത്രേ .ഭാര്യയെയുംമക്കളെയുംപിരിഞ്ഞുആദ്യമായാണ് യാത്രഅനാവശ്യമായ ചടങ്ങുകൾ .ചിന്തിച്ചു നില്ക്കാൻ സമയം കിട്ടിയില്ല ,അരമണിക്കൂർ കൊണ്ട് വിമാനം കരിപ്പൂരിലെത്തി .പത്തു വർഷത്തിന് ശേഷമാണു കേരളത്തിൽ.നാടാകെ മാറിയിരിക്കുന്നെന്ന് അയാൾ അറിയാതെ ഓർത്തു .പഴയ കെട്ടിടങ്ങളൊന്നും അവിടെ ഇല്ല .കരിപ്പൂരിൽ നിന്നും ടാക്സി പിടിച് കോഴിക്കോട്ടുള്ള വീട്ടിലേക്ക്;, പെട്ടെന്നൊരു ദുർഗന്ധം .മൂക്കെത്ര അടച്ചു പിടിക്കാൻ ശ്രമിച്ചിട്ടും ആ ദുർഗന്ധം അവിടെ തങ്ങി നിന്നു ."ഞെളിയൻ പറമ്പ്

എത്തിയല്ലോഡ്രൈവറെ"എന്നറിയാതെ പറഞ്ഞു പോയി .പത്തു വർഷം കഴിഞ്ഞിട്ടും ഒരു മാറ്റവും കൂടാതെ നിക്കുന്ന ഭൂമിയിലെ നരകത്തെ ഓർത്തു അയാൾ പരിതപിച്ചു .പിന്നെ ഏതു സ്വർഗ്ഗത്തിലും മോശമായത് എന്തെങ്കിലും ഉണ്ടാവുമല്ലോ എന്നോർത്തു സമാധാനിച്ചു .രാവിലെ എട്ടുമണിയോടെ വീട്ടിലെത്തി. അധികം ആളും ആരവുമൊന്നും ഇല്ലായിരുന്നു .നടുമുറ്റത്തു ഫ്രീസറിൽ അമ്മയുടെ ശരീരം മെലിഞ്ഞുണങ്ങി ഒരു ചുള്ളിക്കമ്പായി മാറിയിരുന്നു അത് .കുഴിന്ഞ്ഞ നിൽക്കുന്ന ദൈന്യതയാർന്ന ആ കണ്ണുകൾ എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നതായി തോന്നി .അധികം കണ്ടുനിൽക്കാൻ അയാൾക്ക് കഴിഞ്ഞില്ല .അമ്മയുടെ ഓർമ്മകൾ അയാൾ തന്റെ മനസ്സിൽ തിരഞ്ഞു കൊണ്ടിരുന്നു .ആ തിരച്ചിൽ നിഷ്ഫലമായിരുന്നു .അമ്മയാരായിരുന്നു?എങ്ങനെയായിരുന്നു?എന്നറിയാനുള്ള ആകാംക്ഷയിൽ അയാൾ വീട് മുഴുവനും തിരഞ്ഞു .പൂമുഖത്തു തന്നെ അച്ഛന്റെ ചാരുകസേര .അതിലിപ്പോഴും അച്ഛൻ ഇരിക്കുന്നതു പോലെ തോന്നും .അയാൾ അകത്തേക്കു കടന്നു.ഉള്ളിൽ അച്ഛന്റെ ചെരുപ്പ് ,ഊന്നുവടി ,വാച്ച് , എല്ലാം ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. അച്ഛനിപ്പോഴും അവിടെ ജീവസ്സുറ്റു നിൽക്കുന്നു. അമ്മയുടെ ശബ്ദത്തിന്റെ പ്രതിധ്വനി പോലുംഅവിടെയെങ്ങും ഉണ്ടായിരുന്നില്ല .അയാളുടെ ഭൂതകാലം ഒരു ബ്ലാക്ക് &വൈറ്റ് ചിത്രം പോലെ കൺമുമ്പിൽ തെളിഞ്ഞു വന്നു . അച്ഛന്റെ കാലടികൾക്കു കീഴെ ആയിരുന്നു ഇപ്പോഴും അമ്മയുടെ ശബ്ദം

അച്ഛന്റെ മനസ്സിൽ അമ്മയുടെ ആഗ്രഹങ്ങൾക്കും അവകാശങ്ങൾക്കും സ്ഥാനമില്ലായിരുന്നു അമ്മക്ക് അങ്ങിനെ എന്തെങ്കിലും ഉണ്ടായിരുന്നോ എന്ന് പോലും ആർക്കും അറിയില്ലായിരുന്നു .അങ്ങിനെയാണ് അമ്മ മൗനത്തിന്റെ മുഖം മൂടി അണിയാൻ തുടങ്ങിയത് പിന്നെ പിന്നെ മക്കളും അച്ഛന്റെ മാത്രമായി .അമ്മ ഒരു അധികപ്പറ്റായി . അച്ഛന്റെ മരണത്തിന് ശേഷമാണു അമ്മയുടെ ശബ്ദം ഉയരാൻ തുടങ്ങിയത് .തിരിച്ചെന്തെങ്കിലും പറയാൻ അയാളുടെ ഈഗോ അനുവദിച്ചതുമില്ല.

അവിടുത്തെ മടുപ്പ് ഒഴിവാക്കാനാണു UAE യിലേക്ക് പോയത് . പിന്നെ അവിടെ കുടുംബമായി കുട്ടികളായി .അതിനിടക്ക് അമ്മയെ വന്നൊന്നു കാണാൻ

അയാൾക്ക് തോന്നിയിരുന്നില്ല .അമ്മയെ കുറിച്ചുള്ള ഓർമ്മകൾ അയാളുടെ മനസ്സിൽ നിന്ന് മാഞ്ഞു പോയിരുന്നു .പ്രതീക്ഷ കൈവിടാതെ അയാൾ അടുക്കളയിലേക്ക് പോയി .ഇവിടെ അമ്മയുടെ ഓർമ്മകളുടെ സുഗന്ധം നിറഞ്ഞിരിക്കുമെന്നു അയാൾക്കുറപ്പുണ്ടായിരുന്നു അടുക്കളയുടെ ഉമ്മറപ്പടി തടഞ്ഞു വീഴാൻ പോയ അയാളെ ഏതോ ഒരു അദൃശ്യശക്തി താങ്ങിയെടുത്തു . അവിടെ ആദ്യമായി അയാൾക്ക് അമ്മയുടെ സാമീപ്യം അനുഭവപെട്ടു അമ്മയുടെ ശബ്ദം അടുക്കളയിലെ മിക്സി ആയും കൈകൾ സ്പൂണുകളായും പരിണമിച്ചിരുന്നുവെന്ന് അയാൾ നിശബ്ദനായി മനസിലാക്കി .അടുക്കളയുടെ ഒരു വശത്തു ആധുനികതയുടെ അധിനിവേശത്തെ തടുക്കനാവാത്ത ആരാലും തഴയപ്പെട്ട ഒരു അമ്മിക്കല്ല് ഉണ്ടായിരുന്നു .കാലപ്പഴക്കം കൊണ്ട് അത് തേഞ്ഞു തേഞ്ഞു തീരാറായിരുന്നു .അത് തന്റെ അമ്മ തന്നെ ആണെന്ന് അയാൾ സംശയിച്ചു .ഫ്ലൈറ്റിനു സമയമായി എന്നുള്ള ആരുടെയോ വിളി അയാളെ ചിന്തയിൽ നിന്നുണർത്തി.ലഗേജ് എടുക്കാൻ വന്ന സഹായിയോട് ആ അമ്മിക്കല്ല് കൂടിയെടുക്കാൻ അയാൾ പറഞ്ഞു .

**ആര്യ .വി**
**9.D**

# പരിസ്ഥിതിദിന ക്ലബ്

ജൂൺ ആദ്യ ആഴ്ചയിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് നൽകിയ വൃക്ഷത്തൈകൾ വിതരണം ചെയ്തു .സ്ക്കൂളിന്റ ജൈവ വേലി നിർമ്മിച്ചു . കാർഷിക വകുപ്പ് നൽകിയ പച്ചക്കറി വിത്തുകൾ ചെയ്തു . സ്കൂൾ പരിസരം ആകർഷികമാകുന്നതിന് പൂച്ചെടികൾ നട്ടു .കേരള വനം വന്യജീവി വകുപ്പ് സംഘടിപ്പിച്ച ഏകദിന പഠനക്യാമ്പിൽ ഈ സ്കൂളിൽ നിന്നും 49 കുട്ടികളും 4 അധ്യാപകരും പങ്കെടുത്തു .

കുട്ടികളെ ഗ്രൂപ്പായി തിരിച്ച സ്കൂൾ പരിസരം വൃത്തിയായി സൂക്ഷികുന്നതിന് വേണ്ട നിർദ്ദേശം നൽകി .

പ്ലാസ്റ്റിക് നിർമാണത്തിന്റെ ഭാഗമായി കുട്ടികൾ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗികുന്ന നിരുത്സാഹപ്പെടുത്തുകയും മഷിപ്പെന , സ്റ്റീൽ ബോട്ടിലുകൾ എന്നിവ ഉപയോഗിക്കാൻ പ്രേരിപ്പിക്കകയും ചെയ്തു വരുന്നു . ആഴ്ചയിലൊരിക്കൽ പരിസ്ഥിതി ക്ലബ് അംഗങ്ങൾ സ്കൂൾ പരിസരം വൃത്തിയാക്കുന്നു.

# An Unstudied Lesson

Naughty always, my life
Sometimes pleasant, yet
Harsh mostly, still easy
Something followed me



Hiba Parveen. 8M

Always, It hugged me when
I slept on the street.
It kept my thoughts alive
Leading my mind
Afterwards
Life taught me lot
Except this one thing
At last a grass blade
Said it to me
You have to study about life
As I go deep
It began to eat me
Piece by piece
At the end, a little piece
Remained in my soul,



ശ്രീലക്ഷ്മി വിജയൻ

9E

# ശ്രേഷ്ഠ മലയാളം

എത്ര മധുരമാണെന്റെ ഭാഷ
കൊച്ചു കിളിപെൺ പട്ടുപോലെ
ഒഴുകുന്ന പുഴതൻ നാദം പോലെ
പുലരി മഞ്ഞിന്റെ കുളിരുപോലെ
എത്ര മഹത്തായ കാവ്യങ്ങളാൽ
പുളകമണിയിച്ച മലയാളം ,
ഇത്തിരിപോന്നൊരു കൊച്ചു നാടിനെ
ഈ ലോകമാകെ വളർത്തിയ ഭാഷ
വേണ്ടിനി വേണ്ടിനി മറ്റുഭാഷ
നമ്മൾ തൻ ഭാഷ 'അമ്മ മലയാളം

ശ്രീലക്ഷ്മി വിജയൻ
9E



# ഓർമ്മകൾ

ശിവ . എം

നോവിൻ പരത്തിയ മധുരമാം ഓർമ്മകൾ
മഞ്ഞുതുള്ളി പോൽ ഉരുകുന്ന
ഇരുളിൽ തനിയെ ഇരിക്കുന്ന നേരത്തു
തെളിയുന്ന എന്നിലെ ഓർമ്മകൾ
കാലത്തിന്റെ വഴികളിൽ
ഒറ്റപ്പെട്ടൊരു മനം എൻ ഉള്ളിലുണ്ട്
വിതുമ്പുന്ന മനസ്സിന് ഉള്ളിലുണ്ട്
ബാല്യത്തിൻ ഓർമ്മകൾ നാവിൻ
തുമ്പിൽ മധുവായ് നുകരുന്ന  ഞാൻ
മണ്ണപ്പം ചുട്ടതും പ്ലാവില കൊണ്ട് ഞാൻ
തൊപ്പിയുണ്ടാക്കിയതും ഇന്നെൻ  ബാല്യകാല ഓർമ്മകൾ
മാവിൻ ചുവട്ടിലെ ഉഞ്ഞാലിലാടുമ്പോൾ
ആറ്റുവാൻ എന്നുമെൻ കൂട്ടുകാരൻ
ബാല്യത്തിന് നറുങ്ങു  കവിതകൾ ചൊല്ലിപ്പാടി
എന്നിലൂടെ കടന്നുപോയെൻ ബാല്യം
എൻ ഓർമകളിലെ സ്വർഗ്ഗം .

ശിവ . എം
9p

# सुभाषितानि ।



अस्विन ओ
IX A

1. विद्याधनं श्रेष्टधन तन्मूल्मितरद्धनम् ।
   दानेन वर्धते नित्यं न भाराय न नियते। ।

2. रूपयौवनसम्पन्ना विशलकुलसम्भवा: ।
   विद्याहीना न शोभन्ते निर्गन्धा इव किंशुका : । ।

3. माता शत्रु: पिता वैरी येन बालो न पाठितः ।
   न शोभते सभामध्ये हंसमध्ये बको यथा । ।

4. आपरितोषाद्विदुषां न साधु मन्ये प्रयोगविज्ञानं ।
   बलवदपि शिक्षितानां आत्मन्यप्रत्ययं चेत : । ।

5. धनं धनं नैव मतं बुधानां विध्यैव वित्तं मतमस्ति तेषाम् ।
   चौरो न यां चोरयितुं समर्थों भूपो पहर्तुं न च यां समर्थ: । ।

6. विद्वत्वं च नृपत्वं च नैव तुल्यं कदाचन ।
   स्वदेशे पूज्यते राजा विद्वन् सर्वत्र् पूज्यते । ।

7. विद्वानवे विजानाति विद्वज्जन परिश्रमम ।
   नहि वन्ध्या विजानाति गुर्वी प्रसववेदानाम् । ।

8. सत्यं तपोज्ञानमहिंसा च विद्वत्प्रणामम् च सुशीलता च ।
   एतानि यो धारयते स विद्वान् न केवलं यः पठनेन विद्वान् । ।



9. न चोरहार्यं  न च राजहार्यम् न भ्रातृभाज्यं न च भरकारि |
व्यये कृते वर्धते एव नित्यम्  विद्याधनं सर्वधनात्  प्रधानम्  । ।

10. अपूर्वं: कोपि कोशोयं  विद्यते तव भारति |
व्ययतो वृद्धिमायाति   क्षयमायाती सञ्जयात्   । ।



മുഹമ്മദ് ഷാനിബ്.പി.എ

# വിജയത്തിന് എളുപ്പവഴികളില്ല

പരന്ന വായന ഓരോ വിദ്യാർത്ഥിക്കും ഉണ്ടായിരിക്കണം.മനസ്സിന്റെ വ്യായാമമാണ് വായന.വ്യായാമമില്ലാത്ത മനസ്സ് എങ്ങനെ വളരും.വായനയിലൂടെ വളരാത്തവർ മൃഗതുല്യമാണ് എന്നാണ് ഷേക്സ്പിയർ പറഞ്ഞിട്ടുള്ളത്.ഓരോ പുസ്തകം വായിക്കുമ്പോഴും അതിനെക്കുറിച്ച് കുറിപ്പ് എഴുതിവെക്കണം.

പ്രമുഖരായ വ്യക്തികൾ ഉപയോഗിച്ച വാക്യങ്ങൾ പകർത്തിവെക്കണം.പുതിയൊരു വാക്ക് കണ്ടാൽ അത് മാത്രം പഠിച്ചാൽ പോര.ആ വാചകം എങ്ങനെ കടന്നുവന്നു എന്നുകൂടി മനസ്സിലാക്കണം.

ഗുരുമുഖത്ത് നിന്ന് ഇരുപത്തിയഞ്ച് ശതമാനം അറിവേ ലഭിക്കുന്നുള്ളൂ.ഇരുപത്തിയഞ്ച് ശതമാനം ഒരാൾ സ്വന്തം പ്രതിഭ കൊണ്ട് സ്വായത്തമാക്കേണ്ടതാണ്.പകുതിയിലധികവും സമൂഹത്തിൽനിന്നാണ് ലഭിക്കുന്നത്

അതുകൊണ്ട് സഹപാഠികളിൽനിന്നും സ്നേഹിതന്മാരിൽനിന്നും കൊടുത്തും വാങ്ങിയും പഠിക്കണം.

മഹാന്മാരുടെ ജീചരിത്രങ്ങൾ വായിക്കണം.ജീവിതത്തിലെ പ്രതിസന്ധികളെ അവർ എങ്ങനെ നീന്തിക്കടന്നുവെന്ന് മനസ്സിലാക്കണം.ഓരോ ഘട്ടത്തിലും അവർ ചെയ്തു എന്നതിനെക്കുറിച്ച് ചിന്തിക്കണം.

അതിനെ ഉൾക്കൊള്ളണം.ലോകത്തിലെ പത്ത് മഹാന്മാരുടെ ജീവിതത്തിൽ നിന്ന് നമുക്ക് ലോകത്തെ മുഴുവൻ പഠിക്കാം എന്നാണ് പറയാറ്.വിഷമമുള്ള പാഠഭാഗമോ വിഷയമോ വിഷമമാണെന്ന് പറഞ്ഞ് ഒരിക്കലും മാറ്റിവെക്കരുത്.അതിനെ ഉൾക്കൊള്ളാനുള്ള കഠിനപരിശ്രമത്തിൽ ഏർപ്പെണം.വിദ്യാർത്ഥികൾ ഓരോ സമയവും പഠിക്കാനുള്ള താത്പര്യം വളർത്തിക്കൊണ്ടിരിക്കണം.വിദ്യാഭ്യാസക്കാലം സ്കൂളിൽ പോകുന്ന കാലം മാത്രമല്ല.ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ ഭരണകർത്താക്കളാണ്.അപ്പോൾ ഇന്നത്തെ ഭരണകർത്താക്കളും കാര്യങ്ങൾ പഠിച്ച് കൊണ്ടേയിരിക്കണം.അതുകൊണ്ട്മഹാന്മാരുടെ പാത നമുക്ക് മാർഗ്ഗദീപങ്ങളാണ്.

വിജയത്തിലേക്ക് കുറുക്കുവഴികളില്ല.കഠിനപ്രയത്നം മാത്രം.സ്ഥിരോത്സാഹം മാത്രം മതി കൈമുതലായി.

ബാക്കി എല്ലാം പിന്നാലെ വരും.

# मेरी निराशा



(काजल कुमारी--१० बी)

मैं निराशा हूँ इसलिए नहीं
क्यों कि मैं अकेला दुःखी हूँ।
शायद यों मेरी किसमत का खेल है
जो मैंने ऐसी जिंन्दगी पाई।
रहते है सब मेरे साथ में,
मेरे आस में,
मेरे सांस में,
मेरी जिन्दगी की हर एक मुकानों में।
जब बाहर से आता हूँ
पापा पूछते हैं कितने कमाया?
बिबी पूछती है कितने बचाया?
बच्चे पूछते हैं क्या लाया?
लेकिन पूछती थी माँ मुझसे क्या खाया?
मेरी जिन्दगी सवारी है मेरी माँ ने
मुझको गले लगके अपनी जिन्दगी बनाई।
माँ की दुओं का असर ही है
जो आज मैं यहाँ हूँ।
मेरी हर रास्तों में माँ की दुआए शमिल है
मैं अकेला नहीं क्यें मेरी माँ मेरी साथ हैं।
सामने न सही मेरी दिल की हर एक धडकन में है।
आज मेरे सामने जो है वह मेरी दिल में नहीं

जो मेरी दिल में है वो सामने नहीं।
न सिर्फ मैंने अपने माँ को खोया
खोया है अपनी जिन्दगी ।

# അമ്മയും ഓർമ്മകളും മാത്രം



അനാമിക . സി
10.C

എങ്ങും കൂരിരുട്ട്, റോസി തന്റെ വീട്ടുപടിക്കൽ നിന്ന് എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, അവൾ തന്റെ പഴയകാലത്തിലേക്ക് വഴുതിവീണു. ടക് ......... ടക്....... ആരോ വാതിൽ മുട്ടുന്നു. റോസി മെല്ലെ കാൽപാദങ്ങൾ നിലത്ത് വച്ച് നടന്നു തുടങ്ങി, വാതിൽ തുറന്നതും അവൾ അമ്പരന്നുപോയി, തന്റെ മകൻ തന്നെ കാണാൻ വന്നിരിക്കുന്നു. റോസിയുടെ കണ്ണുകളിൽ നിന്നും ധാരയായി കണ്ണുനിർ ഒഴുകാൻ തുടങ്ങി. കാരണം വളരെ കാലങ്ങൾക്കു ശേഷമാണ് അവളെ കാണാൻ തന്റെ മകൻ വരുന്നത്. വീട്ടിൽ ഒറ്റയ്ക്കായ റോസിക്കു തുണയായി ആരുമില്ലായിരുന്നു. മകൻ കുറ്റബോധത്തോടെ തലതാഴ്ത്തി നിന്നുകൊണ്ട് അമ്മയോട് ചോദിച്ചു, "അമ്മയ്ക്ക് സുഖമല്ലേ......." അവർക്ക് തന്റെ മകനോട് സംസാരിക്കാൻ സാധിച്ചില്ല , അവൾ തലയാട്ടുകമാത്രം ചെയ്തു, മകൻ പറഞ്ഞുതുടങ്ങി , " അമ്മേ..., അമ്മ ഞങ്ങളുടെ കൂടെ ബാംഗ്ലൂരിലേയ്ക്ക് വന്നാൽ എന്റെ ഭാര്യയുടെ ജോലിഭാരം കുറഞ്ഞേനെ........" അവരുടെ ആവശ്യത്തിനു വേണ്ടിയാണ് തന്നെ ബാംഗ്ലൂരിലേയ്ക്ക് ക്ഷണിച്ചതെങ്കിലും റോസിയമ്മയ്ക്ക് ആ വാക്കുകൾ വല്ലാണ്ടങ്ങ് ഇഷ്ടമായി. റോസി ബാംഗ്ലൂരിലേക്ക് പോയില്ല. അവൾക്ക് നാട്ടും വീട്ടും ഉപേക്ഷിക്കാൻ b തോന്നിയില്ല.

റോസി പതിയെ ഓർമ്മകൾക്ക് വിടനൽകിക്കൊണ്ട് ഇരുളിലേക്ക് നോക്കി. അവൾക്ക് വല്ലാതെ പേടിതോന്നി. റോസി വാതിൽ പടിക്കലിൽ നിന്നും എഴുന്നേറ്റ് തന്റെ മകനെ ഫോണിൽ വിളിക്കാൻ ശ്രമിച്ചു. എന്നാൽ കിട്ടിയില്ല.

ഫോൺ റിങ്ങ് ചെയ്യുന്നശബ്ദം കേട്ട് അമ്മയുടെ കോൾ ആണെന്ന് മനസ്സിലാക്കിയ റോസിയുടെ മകൻ അത് ഓഫാക്കിയിട്ടു. അമ്മ കുറെ നേരം മകനെ വിളിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. റോസിയമ്മ വീണ്ടും വാതിൽ പടിക്കലേക്ക് വന്നു. അപ്പോഴതാ മെല്ലെ ഇരുണ്ട ആകാശത്തുനിന്നും മഴപെയ്യുന്നു. അന്നേരം റോസിയുടെ മകൻ മഴയത്ത് കളിക്കുന്നതായും , കളി കഴിഞ്ഞ് തന്നെ വന്ന് കെട്ടിപ്പിടിക്കുന്നതായും തോന്നി. അവൾ വല്ലാതെ വിഷമിച്ചു, തന്റെ മകനെ ഒരു നോക്കു കാണാനായി അവൾ ആഗ്രഹിച്ചുവെങ്കിലും കഴിഞ്ഞില്ല. പിന്നീടുള്ള കാലം അവരുടെ ജീവിതത്തിൽ ആ മകന്റെ ഓർമ്മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

# GOD THE CREATOR



DEVIKA MOHAN
8.K

Lord is a great artist
He creats something
Only possible for
Him.
His creations makes us
wonder, and thoughtful
It encourages us to
do some marvellous things.
Sometimes it take you-
to another world
and He is the trust-
of all and the prayer-
to Him is like the
Speaking of truth to
truth.

# മുകുളം



**Muhammed Shameer**
**8.H**







*NAMITHA 10-C*

“ power is of two kinds. One is obtained by the fear of punishment and the other by arts of love. Power based on love is a thousand times more efffective and permanent than the one derived from fear of punishment ”



فتھما دلن
**8A**

# سب کیلئے ہے

یہ بد جنگل سب کیلئے ہے
جنگلے کے پیڑ سب کیلئے ہے
پرواتھ کا بل ہی سب کیلئے ہے
یہ بد جنگلے سب کیلئے ہے
جنگلے کے پرنڈھے سب کیلئے ہے
جنگلے کے جانور بی سب کیلئے ہے
یہ بد جنگلے سب کیلئے ہے
یہ ندی کا پانی سب کیلئے ہے
پانی کی محمد بی سب کیلئے ہے



വൃന്ദ . ടി
8.M

# സഖേ ,നിനക്കായ്....

മണ്ണിന്റെ മണമുള്ള മഴയുള്ള രാവിലെ
നിന്നെയും കാത്തുഞാനേറെ നിന്നു,
ഒരുനോക്കു കാണണം എന്നതാണാഗ്രഹം
കൂട്ടതലൊന്നും നിനച്ചില്ല ഞാൻ ...
കേട്ടിരുന്നില്ല നിൻ കാലൊച്ചയും ,
ഗാഭീര്യമുള്ളൊരാ വാക്കുകളും ...
കാണാറില്ല ഞാൻ ആ കണ്ണുകളും ,
എന്നെയേറെ കൊതിപ്പിച്ച പുഞ്ചിരിയും ...
ആ ചിരിയായിരുന്നെന്റെയാത്മധൈര്യം
ഒരു ചെമ്പനീർ പൂവിന്റെ ശോഭപോലെ ...
നീയായിരുന്നെന്റെ ഇച്ഛയും ഞാൻ കണ്ട
സ്വപ്നലോകത്തെ കുളിർമഴയും ...
ഇന്നു ഞാൻ നിന്നിലേക്കേറെയടുക്കുമ്പോൾ
ഒരു കുന്നോളം നിരാശ ബാക്കിയായി .
വേനലിൻ ചൂടിൽ ഞാൻ നിന്നുരുകി ,
പല പൂക്കാലവും എനിക്കന്യമായി ...
എന്നുമില്ലെങ്കിലും , എന്നേ ആ കാഴ്ച
എൻ ഹൃത്തിലാഴത്തിൽ പതിഞ്ഞിരുന്നു .
വിടരാൻ വിതുമ്പുമെൻ പ്രണയമല്ലേ ,
മറക്കില്ലൊരിക്കലും , മരിക്കും വരെ ...

# ജീവിതത്തിലും മരണത്തിലും കൈവിടാതെ



പുണ്യ. എം 8c


2018 ൽ കേരളമാകെ നടുങ്ങി .മനുഷ്യർ ജീവനും കൊണ്ട് ഓടിപോയി .മരണവെപ്രാളം കൊണ്ട് ആർത്തു വിളിക്കുന്ന മൃഗങ്ങളെ ആരും തിരിഞ്ഞു നോക്കിയില്ല .കോഴിക്കോട് ജില്ലയിൽ ഫറോക്ക് എന്ന സ്ഥലത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ് ഞാൻ .എന്റെ സ്വന്തം അനുഭവമാണ് ഇനി പറയാൻ പോകുന്നത് .

എന്റെ വീടിനടുത്തു ഒരു തോട് ഉണ്ടായിരുന്നു . പ്രളയം കാരണം അത് കവിഞ്ഞു ഒഴുകി ,സമയം പോവുന്തോറും ജലം ഉയർന്നുവന്നു .വീട്ടിൽ പകുതി വെള്ളം നിറഞ്ഞു എന്റെ അച്ഛമ്മയെ അച്ഛന്റെ അനിയൻ കൊണ്ടുപോയി .വഞ്ചിയിലായിരുന്നു കൊണ്ടു പോയത് . ഉച്ചസമയമായപ്പോൾ വെള്ളം അകത്തേക്കു കയറാൻ തുടങ്ങി. വീടിന്റെ പിൻവശത്തു മൃഗങ്ങളുടെ കരച്ചിൽ കേൾക്കുന്നുണ്ടായിരുന്നു . എന്റെ അച്ഛൻ ടെറസ്സിന്റെ മുകളിലേക്ക് ആടിനെ കയറ്റി .ഞാനും എന്റെ സഹോദരികളും എന്റെ അമ്മയുടെ വീട്ടിൽ പോയി. എന്റെ അച്ഛൻ മാത്രം വീട്ടിൽ ഉണ്ടായിരുന്നു . നാലു പശുക്കളുടെ മുട്ടോളം വെള്ളം ഉണ്ടായിരുന്നു രണ്ടു ദിവസം അങ്ങിനെ കഴിഞ്ഞു കൂടി . കട്ടിലിന്റെ ഭാഗികമായി വെള്ളം ഉണ്ടായിരുന്നു .അവിടെയായിരുന്നു എന്റെ അച്ഛൻ രണ്ടു ദിവസം കഴിഞ്ഞത് "തന്നെക്കാൾ സ്നേഹിക്കുന്ന മൃഗങ്ങളുടെ കൂടെ മരിച്ചാലും ജീവിച്ചാലും ഒരുമിച്ച് "പ്രളയമിറങ്ങിയപ്പോൾ എല്ലാവരോടുമായി അമ്മ പറഞ്ഞത് ഇന്നും ഞാൻ ഓർക്കുന്നു .

# മുകുളം



**Krithika C.K**
**9.C**





സുകന്യ

# സമയമില്ലാത്ത ഓർമ്മകൾ

ഓടിക്കളിച്ചും മണ്ണപ്പം ചുട്ടും,
മരത്തിൽ വലിഞ്ഞു കയറിയും ,
മാവിലെറിഞ്ഞും നടന്നൊരെൻ ബാല്യം,
അറിഞ്ഞതേയില്ല ഞാൻ
ഇത്രമേൽ മാധുര്യമേറും
കാലങ്ങളാണ് പിന്നോട്ടോടുന്നതെന്ന് ,
മുന്നോട്ടോടിയ വഴികളിലൂടെ
ഒറ്റക്ക് നടക്കും നേരം
കുട്ടികൂട്ടങ്ങളെ കാണുന്നു ഞാൻ
എന്നാൽ മരത്തിൻ ചില്ലയിലവരാരുമില്ല
കുട്ടിയും കോലും കളിക്കുന്നുമില്ല
എന്നാലോ എല്ലാരും കളിക്കുന്നുമുണ്ട്
കൈ നിവർത്തി തലകുനിച്ചു
ചെവിയിൽ വയറും കുത്തിക്കേറ്റി

തോണ്ടി കളിക്കുന്നുണ്ടവർ
ന്യൂ ജനറേഷൻ കളി,
കഥകൾ പറയാൻ
മുത്തശ്ശിയും മുത്തശ്ശനും ഇല്ല
പകരം ഗ്രാൻഡ് മദറും ഗ്രാൻഡ് ഫാദറും
ഇവരാണെങ്കിലോ
വൃദ്ധസദനത്തിലും,
സമയമൊട്ടും തികയുന്നില്ലാർക്കുമിന്ന്,
നെട്ടോട്ടമോടിടും ജീവിതങ്ങൾ ,
ഓർമ്മതൻ ഭാണ്ഡത്തിലെ
മാധുര്യം നുണഞ്ഞു ഞാൻ
അല്പദൂരം ഒറ്റക്ക് നടന്നിടട്ടെ .........



اجنیفر

**10 P**

## پانی

پانی انمول تھففف ہے

پانی نہیں تھو جان نہیم

پانی ہداککی نیامٹہ ہے

پانی نہیم تھو ہم بھی نہیم

آجکل پانی برباد ہو رہا ہے

گگوھسس



# ചിറക് മുളയ്ക്കാത്ത പക്ഷി

ഹരിപ്രിയ.കെ

IX .K

ശാരികയുടെ കണ്ണുകൾ ആൾക്കൂട്ടത്തിലെ ആരവങ്ങൾക്കിടയിൽ അവനെ പരതുകയായിരുന്നു. അവളുടെ ദീപുവിനെ.ശാരിയും മനുവും കാട്ടാളത്തിനിരത്ത് വരാൻ തുടങ്ങിയത് മുതൽ കടല വാങ്ങി കൊറി ച്ചിരുന്നത് ആ ബാലനിൽ നിന്നായിരുന്നു.കീറിപ്പിഞ്ഞിയ വസ്ത്രങ്ങളും അങ്ങിങ്ങായി പാറിക്കിടക്കുന്ന എണ്ണ തേകാത്ത ചെമ്പിച്ച മുടിയുമുള്ള അവൻ തന്റെ പ്രായത്തിലുള്ള കുട്ടികളെ കാണുമ്പോൾ അവരെ കൗതുകത്തോടെ നോക്കി നിൽക്കും.

ഇന്ന് എന്തു പറ്റി ശാരിക്ക് ?ഒരു ഉന്മേഷവും ഇല്ലല്ലോ! മനുവേട്ടൻ അവളോട് എന്തൊഹത്തെയോ ചോദിക്കുന്നു.പക്ഷെ ആ നീറുന്ന മനസ് ഇവിടെയൊന്നുമല്ല.അഴികൾ പൊട്ടിച്ച് മനസ് അകലേയ്ക്ക് പറക്കുകയായിരുന്നു.

കടല...ചൂടുകടലാ....ആ വിളി എവിടെനിന്നും കേൾക്കുന്നില്ല.എല്ലാ ഒഴിവ് ദിവസങ്ങളും അവർ രണ്ട് പേരും കടലിന്റെ നിലയ്ക്കാത്ത ഹൃദയത്തുടിപ്പ് കാണാൻ അവിടെയെത്തും അധികം സംസാരിക്കാത്ത കൂട്ടത്തിലായിരുന്നു ശാരിക.പക്ഷെ ദീപുവിനെ അവൾക്ക് ഏറെ ഇഷ്ടമാണ്.അവരുടെ വീട്ടിലെ ജോലിക്കാരി പാറുവമ്മയുടെ മകനാണ് ദീപു.അച്ഛന്റെ മരണത്തോടെ കുടുംബഭാരം അവന്റെ തലയിലായി

പത്തുവയസ്സുകാരനായ ദീപുവിന്റെ തണലായ അമ്മ -പാറുവമ്മക്ക് തളർവാതം പിടിപെടുകയായിരുന്നു.കുടുംബം പോറ്റാൻ ദീപു കണ്ടെത്തിയ മാർഗമായിരുന്നു കടല വില്പന.കടല വിറ്റ് കിട്ടുന്ന കാശായിരുന്നു പിന്നീട് ജീവിതത്തിലെ ഒരേയൊരു വരുമാനം.ഇതുകൊണ്ടെല്ലാം എങ്ങിനെ പട്ടിണിയിൽനിന്നും മോചിതനാവും?

ഇന്നലെയും 'മരിക്കുകയല്ലേ ഭേദമെന്ന്'-അവൾ പറഞ്ഞത് അവളോർത്തു. പൊടുന്നനെ അസ്തമയ സൂര്യൻ കടലിൽ ചായുന്നത് അവളുടെ ദൃഷ്ടിയിൽപ്പെട്ടു.

"ശാരീ,നിനക്കെന്തുപറ്റി ?ദീപുവിന്റെ ചോദ്യം അവളെ ഉണർത്തി.ദീപുവിന്റെ വിഷാദമുഖമായിരുന്നു അവന്റെ ഉള്ളിലും.ഒരു പത്തുവയസ്സുകാരൻ ചുമലിലേറ്റേണ്ടിവന്ന ജീവിതഭാരം....എന്തെങ്കിലും കടുംകൈ...?!ശാരിയുടെ മനസ്സ് അറിയാതെ തേങ്ങുകയായിരുന്നു.

അമർഷം പൂണ്ട ഒരു തിര ഉയരത്തിൽ പൊങ്ങിച്ചിതറി തെറിച്ചു.ശാരിയുടെ മനസ്സിലും അതിന്റെ അലയൊലികൾ പടർന്നേറുകയായിരുന്നു.

ഉത്തരം കിട്ടാത്ത മനസ്സുമായി ശാരിയും മനുവും തീരത്ത് നിന്നും എഴുന്നേറ്റു.അപ്പോഴും കടലിൽ അലകൾ നിലച്ചിട്ടുണ്ടായിരുന്നില്ല.

# സ്ക്കൂൾ കായികമേള

2018-19 വർഷത്തെ സ്ക്കൂൾകായികമേള ഒക്ടോബർ 4,5 തീയ്യതികളിലായി നല്ലൂർ മിനിസ്റ്റേഡിയത്തിൽ വെച്ച് സ്ക്കൂളിലെ പ്രധാനധ്യാപകനായ മൂസക്കോയ പാലത്തിങ്കൽ ഉദ്ഘാടനം ചെയ്തു. ഈ കായികമേളയിൽ 1200 കുട്ടികൾഗ്രൂപ്പുളായിതിരിഞ്ഞ്വിവിധമത്സരങ്ങളിൽപങ്കെടുത്തകായികമേളയോടാനുടബന്ധിച്ച്അധ്യാപകർക്കായിപ്രത്യേകമത്സരങ്ങളുംസംഘടിപ്പിക്കുകയുംഉണ്ടായി. പങ്കാളിത്ത്വംകൊണ്ടുംസംഘാടനംകൊണ്ടുംഎല്ലാഅർത്ഥത്തിലും2 ദിവസങ്ങളിലായി വളരെ ഭംഗിയായി മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥികളും അധ്യാപകരും ഈ കായികമേളയെ ആവേശപൂർവ്വമായി ഏറ്റെടുത്ത് ഒരു വൻവിജയമാക്കി തീർത്തു

## സബ്ബ്ജില്ല , ജില്ല , സംസ്ഥാന , ദേശീയ മത്സരങ്ങളിലെ നേട്ടങ്ങൾ

1. **അനഘ** :- ദേശീയബോക്സിങ് ചാമ്പ്യൻഷിപ്പിൽ വെങ്കലമെഡൽ കരസ്ഥമാക്കി.
2. **അരുണിമ** :- ദേശിയ സ്റ്റുഡൻസ് ഒളിപിക്സിൽ 4x100 മീറ്റർ റീലെ ,ലോങ്ജമ്പിൽ സ്വർണവും വെള്ളിയും കരസ്ഥമാക്കി.
3. **ആർഷ.സി** :- ദേശിയ സ്റ്റുഡൻസ് ഒളിപിക്സിൽ 4x100 മീറ്റർ റിലെയില 200 മീറ്ററിലും സ്വർണവും വെള്ളിയ കരസ്ഥമാക്കി.
4. **ആതിര എം എസ്** :-സംസ്ഥാന സ്കൂൾ തൈക്കോണ്ടോ മത്സരത്തിൽ വെങ്കലമെഡൽ.
5. **നിഹാൻ** :-സംസ്ഥാന സ്കൂൾ തൈക്കോണ്ടോ മത്സരത്തിൽ വെങ്കലമെഡൽ.
6. **അനഘ ആർ** :-സംസ്ഥാന സ്കൂൾ കരാട്ടേമത്സരത്തിൽ വെങ്കലമെഡൽ.
7. സബ്ബ്ജില്ല , ജില്ല , സ്ക്കൂൾസ് ഗെയിംസിൽ ബോൾബാഡ്മിന്റൻ ചാമ്പ്യൻമാർ.
8. സബ്ബ്ജില്ല സ്ക്കൂൾസ് സ്പോട്സിൽ ഓവ്വറോൾ വിഭാഗത്തിൽ മൂന്നാംസ്ഥാനം.
9. സബ്ബ്ജില്ല സ്ക്കൂൾസ് കബഡിമത്സരത്തിൽ ആൺക്കുട്ടികളുടേയും പെൺക്കുട്ടികളുടേയും വിഭാഗത്തിൽ ഒന്നാം സ്ഥാനം.
10. സബ്ബ്ജില്ല സ്ക്കൂൾസ് ഗുസ്തി മത്സരത്തിൽ ചാമ്പ്യൻമാർ.
11. പ്രിൻസ് , വിഷ്ണു എന്നീ വിദ്യാർത്ഥികൾ ജില്ല സ്ക്കൂൾസ് ഫുട്ട്ബോൾ ടീമിൽ അംഗങ്ങളായി.



गीता उदयकुमार

# ज़िन्दगी

सपने में आकर किसी ने मुझसे पूछा–ज़िन्दगी में
तूने क्या कोई खास बात किया?
कोई खास बात सीखी?
मुझे हँसी आयी,खास बात?
मैंने सोचा–ऐसी खास बात है क्या वह तो मेरी ज़िन्दगी में?
जवाब तो मुझे मिला नहीं।
सपने के व्यक्ति हँसकर चला गया
देखते समय ऐसा देखता था कि–
ऐसे कह रहा था कि इतने साल जीकर, मूर्ख...तू कुछ भी नहीं सीखा?
जीया मैं?कब?किसी आवाज़ से नींद उठी,
पास कोई नहीं,सिर्फ मैं।लेकिन मुझसे उठकर
उस वक्त,पता नहीं कोन है चला गया।
वह मेरी छाया जैसी थी–मेरी छाया।
हाँ, दिल तड़पता है,
कहता है– ज़िन्दगी......ज़िन्दगी छाया है–
दर्द,गम,ख़ुशी,अकेलापन,धोखा,सपनें
जैसे...जैसे...फिर भी जीना है।
समझता हूँ कि ये सब नहीं तो
ज़िन्दगी भी नहीं।
छाया होने से देख भी नहीं सकता।
लेकिन महसूस करेंगे,
ज़िन्दगी ज़रूर महसूस कराएगी।
यह ज़िन्दगी
झिलमिल तारों जैसी...
नीले आसमान जैसे....
बच्चों की मुस्कराहट–सी
हा! कितना अमानत है
यह ज़िन्दगी।छाया बनकर
हमेशा साथ......



**Devika**
**9.O**



# പ്രകൃതിയിൽ അലിഞ്ഞ പ്രണയം



ഗോപിക വി
8 M

സൂര്യകിരണങ്ങൾ  തൊട്ടുണർത്തുന്ന പുലർവേളയിൽ
മധുരമാം കിളിയുടെ നാദം വിളിപ്പൂ.....................................
പുണരുന്ന പകലിൻ വെളിച്ചം
ഒരുയിർത്തെഴുന്നേല്പിന്റെ  ശാന്തിയോടെ
മനസ്സാകെ നിറഞ്ഞുണരുമ്പോൾ കേൾക്കുന്ന
നാദത്തിൽ അലിഞ്ഞു ഞാൻ നടപ്പൂ ..................
കാഴ്ചയാണ് എന്റെ പ്രകൃതി .......
തുമഞ്ഞു നൽകുന്ന വിറയാർന്ന കുളിരും
സൂര്യൻ നൽകുന്ന ചെറുചൂട്ടും
ഇളം  കാറ്റിൽ  കൊഴിയുന്ന ഇലകളും
എന്നെ തൊട്ടു തലോടി ഒഴികിടുന്ന
മഞ്ഞുപെയ്യുന്നൊരാ വശ്യതയിൽ
മണിപ്പൂ  കൊഴിയുന്ന സായാഹ്നത്തിൽ
അവനെന്റെ കണ്ണിൽ പതിഞ്ഞു ....
അറിയാതെ എൻ മുഖത്തു
ഒരു ചെറു പുഞ്ചിരി വിടർന്നു
അകല്യകയായിരുന്നു എന്നിൽ നിന്നെന്നറിയാതെ
അവനെ എന്നും സ്നേഹിപ്പൂ ഞാൻ
അകല്യന്നൊരാ നിമിഷം
വിരഹം തൊട്ടുവിളിക്കുന്നൊരാനിമിഷം
ഞാൻ ഉണർന്നു എൻ സ്വപ്നത്തിൽ നിന്ന്



ردرا
**8 A**

# بارش اڈھی

بارش اڈھی بارش اڈھی..................
دمجام دمجام خطہ سنی
پیٹ پر بیت کر بلبل گئی...
دمجام دمجام بارش اڈھی.........



# ഓർമ്മകൾ

ശിഖ . എം
9P

നോവിൻ പരത്തിയ മധുരമാം ഓർമ്മകൾ
മഞ്ഞുതുള്ളി പോൽ ഉരുകുന്നു
ഇരുളിൽ തനിയെ ഇരിക്കുന്ന നേരത്തു
തെളിയുന്നു എന്നിലെ ഓർമ്മകൾ
കാലത്തിന്റെ വഴികളിൽ
ഒറ്റപ്പെട്ടൊരു മനം എൻ ഉള്ളിലുണ്ട്
വിതുമ്പുന്ന മനസ്സിന് ഉള്ളിലുണ്ട്
ബാല്യത്തിൻ ഓർമ്മകൾ നാവിൻ
തുമ്പിൽ മധുവായ് നുകരുന്നു  ഞാൻ
മണ്ണപ്പം ചുട്ടതും പ്ലാവില കൊണ്ട് ഞാൻ
തൊപ്പിയുണ്ടാക്കിയതും ഇന്നെൻ  ബാല്യകാല ഓർമ്മകൾ
മാവിൻ ചുവട്ടിലെ ഉഞ്ഞാലിലാടുമ്പോൾ
ആറ്റുവാൻ എന്നുമെൻ കൂട്ടുകാരൻ
ബാല്യത്തിന് നറുങ്ങു  കവിതകൾ ചൊല്ലിപ്പാടി
എന്നിലൂടെ കടന്നുപോയെൻ ബാല്യം
എൻ ഓർമകളിലെ സ്വർഗ്ഗം .

# ഇരുട്ടിനെ പ്രണയിച്ച പെൺകുട്ടി



അഭിരാമി പി
9.p

ഏകാന്തതയിൽ എനിക്ക്
കൂട്ടായ ഇരുട്ടിനെയാണെനിക്കിഷ്ടം
എന്നിലെ ഭയത്തെ
പ്രണയമായി മാറ്റിയ ഇരുട്ടിനെയാണെനിക്കിഷ്ടം
ആരു നീ എന്നറിയാതെ ഞാൻ
നിന്നെ പ്രണയിച്ചു
എൻ ദുഃഖത്തിൽ വെളിച്ചമായിരുന്നു , നീ
നിൻ മൗനം എൻ ഏകാന്തത തൻ സംഗീതമായിരുന്നു .

# അവസാന നാളിലെ പ്രണയം....



ഹംന

8 I

ആനന്ദമാണ് പ്രണയം.... ആദ്യമാദ്യം ഒരു നേരംപോക്കായിരുന്ന നീ ഞങ്ങൾക്ക്.

ഇതിനിടയിൽ സൗഹൃദത്തിനും ഇടമുണ്ടായിരുന്നു.ജീവിതത്തിൽ ഏറ്റവും കൂടുതൽ ചിരിച്ചതും,കരഞ്ഞതും,പഠിച്ചതും,പ്രണയവും സൗഹൃദവും കൂടിച്ചേർന്നായിരുന്നു.ആദ്യം നേരംപോക്കായാലും പിന്നെ നിന്നോട് അടങ്ങാത്ത പ്രണയമായിരുന്നു.ഒരുപക്ഷെ പിന്നീട് നിന്നെ നഷ്ട്പെടുമോ എന്നുള്ള ഭയമായിരുന്നു. പല ഇഷ്ടങ്ങളും അങ്ങനെയാണ് നഷ്ട്പ്പെടാൻ പോകുമ്പോഴാണ് നമ്മൾ തിപിച്ചറിയൂ......

എട്ടാം ക്ലാസ് തുടക്കത്തിൽ ഇതൊന്നു തീർന്നു കിട്ടിയുരുനെങ്കിൽ എന്നായിരുന്നു.അവസാന നാളുകളിൽ അടുക്കും തോറും നിന്നെ വിട്ടുപിരിയാൻ ഞങ്ങൾക്ക് കഴിയില്ലായിരുന്നു.ഇതിനോടൊപ്പം തന്നെ ഞങ്ങൾ ഞങ്ങളുടെ സ്നേഹം തുളുമ്പുന്ന സൗഹൃദത്തെയും കൂടെ കൂട്ടി. സൗഹൃദമെന്ന വാക്ക് തന്നെ മനസ്സിന് ഒരു വികാരമാണ്......

പക്ഷേ ഞാൻ,അല്ല, ഞങ്ങൾ പ്രണയിച്ചത് ഞങ്ങളെ പ്രണയിക്കാൻ പഠിച്ച ഞങ്ങളുടെ സ്കൂളിൽനിന്നു തന്നെയായിരുന്നു. കാരണം ഞങ്ങളുടെ ജീവിതത്തിൽ ഒരിക്കിലും മറക്കാൻ പറ്റാത്ത ഒരിടമായിരുന്നു അത്.



**Abhinav V.K**
**10.J**



# झांसी की रानी


रोई थी तू अपनी पलकों को छिपाकर
आंसू न थी,बल्कि दीनता भरी थी।
बार बार करती थी,कोशिश
खुद खड़े रहने की
लेकिन व्यर्थ था सब कुछ-
अपनी आंसू की तरह।
दर्द से भरी तेरी दैन्यता को देखकर
कठोर दिलवाले भी पिघल जाते है।
सामने पड़ी थाली को देखकर
खाने की कोशिश भी बार बार करती रही।
देख न सका मुझे तेरी हालत
चलती है तू बार बार गिरती है तू।
बीच में आयी थी कुत्ते की झंझट
किसी तरह से तूने वहाँ से बची।
दीनता भरी,तेरी यह हालत।
अचानक वहाँ से आयी थी तेरी
म्याऊ-म्याऊ रोने की आवाज़
भाग-भागकर आयी थी मैं
तुम्हें एक नज़र देखने केलिए
झाड़ियों के बीच लेटकर तूने
इसी दीनता के साथ रोने लगी।
फिर मैंने सोचती रही
कैसे मैं बचाऊं तुझे।
थोड़ी दिनों से तुझे मालूम हुई


मैं तुझे दर्द से बचानेवाली।
आहिस्ता आहिस्ता तू चलने लगी
तेरी हालत भी धीरे धीरे बदलने लगी।
अब तो हमारी दीवानी है तू
हमारी प्रिय झांसी की रानी।

गुंमरा.पी



**Devipriya.E**
**8.E**




മുകുളം
"അന്യജീവനുതകിസ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്(എസ്.പി.സി)

## സ്റ്റുഡന്റ് പോലീസ് കേഡന്റ് എന്ത്?

ജാഗരൂകവും സമാധാനവും വികസനോന്മുഖവുമായ ഒരു സമൂഹ സൃഷ്ടിക്കായി അച്ചടക്കം ഉത്തരവാദിത്തബോധം സമൂഹ്യ പ്രതിബദ്ധത സേവന സന്നദ്ധ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി- കർമ്മസേനയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.

## സ്റ്റുഡന്റ് പോലീസ് കേഡന്റ് എന്തിന്?

കുട്ടികൾക്ക് ലക്ഷ്യബോധവും ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം നൽകി അവരുടെ കർമ്മശേഷി വികസിപ്പിച്ച് സാമൂഹ്യ വികസനത്തിന് ഉപയുക്തമാകുന്നതിൽ രക്ഷാകർത്താക്കൾക്കും സർക്കാറിനും ഒരുപോലെ ബാധ്യതയുണ്ട് . വൈജ്ഞാനിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായ പരിവർത്തനങ്ങളും തദ്വാര സാങ്കേതിക വിദ്യയിലുണ്ടാകുന്ന വികാസവും വിദ്യാഭ്യാസത്തിന്റെ കേരളത്തിന്റെ വിദ്യാർത്ഥി സമൂഹത്തെ കൂടുതൽ

ചടുലമാക്കാൻ ഈ മാറ്റങ്ങൾ വഴിതെളിച്ചിട്ടുണ്ട്.എന്നാൽ സൈദ്ധാന്തികമായ അറിവ് നേടിയതുകൊണ്ട് മാത്രം സാമൂഹ്യബോധമുള്ള പൗരന്മാരായി വിദ്യാർത്ഥികൾ വളർന്നുകൊള്ളണമെന്നില്ല. പ്രത്യേകിച്ചും സ്വാർത്ഥ താത്പര്യങ്ങളിൽ അധിഷ്ഠിതമായ കമ്പോളസംസ്കാരം നമ്മുടെ സമൂഹത്തെ പൊതുവിലും യുവജനങ്ങളെ പ്രത്യേകിച്ചും കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനാൽ പാഠ്യപദ്ധതിയോടൊപ്പം പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും ഒരു സമൂഹമായി വിദ്യാർത്ഥികളെ വളർത്തിയെടുക്കണമെങ്കിൽ ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണ് .

സംസ്ഥാന തലത്തിൽ എസ് പി സി പ്രോജക്ട് ആരംഭിച്ച 2010-11 അധ്യയന വർഷം മുതൽ നമ്മുടെ വിദ്യാലയത്തിലും എസ് പി സി പ്രവർത്തനങ്ങൾ നടന്നു വരുന്നു. 8,9 ക്ലാസ്സുകളിലെ 44 വിദ്യാർത്ഥികൾ വീതമുള്ള രണ്ടു ബാച്ചുകളാണ് ഓരോ വർഷവും പ്രവർത്തിക്കുന്നത്. ആഴ്ചയിൽ രണ്ടു ദിവസങ്ങളിലായി (ബുധൻ,ശനി)പരേഡ് , കായിക പരിശീലനം  വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ എന്നിവ നടക്കുന്നു. കൂടാതെ അവധിക്കാല ക്യാമ്പുകൾ, നിയമസാക്ഷരതാ ക്യാമ്പുകൾ,

പ്രകൃതി ക്യാമ്പുകൾ എന്നിവയും നടത്തുന്നുണ്ട്.
വിദ്യാലയത്തിലെ എസ് പി സി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത് കമ്മ്യൂണിറ്റി  പോലീസ് ഓഫീസർമാരായ ശ്രീദേവിയമ്മ.എസ് അലക്സ്.എസ് എന്നീ അധ്യാപകരാണ്.



# NCC



# JRC



# J R C

അന്തർദേശിയ റെഡ് ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവതലമുറയിൽ സേവന സന്നദ്ധത സ്വഭാവ രൂപീകരണം ദയ ,സ്നേഹം ,ആതുര ശുശ്രൂഷ ,വിദ്യാഭ്യാസ പ്രചരണം എന്നീ ഉത്കൃഷ്ടദാർശങ്ങൾ രൂഢമൂലമാകുന്നതിനും വേണ്ടി രൂപീകരിച്ച ഒരു സംഘടനയാണ് ജൂനിയർ റെഡ് ക്രോസ് . മഹാനായ ജീൻ ഹെൻറി ഡുനാന്റിന്റെ സോൾഫറിനോയാണ് റെഡ് ക്രോസിന് രൂപം നൽകിയത്.

ഉപജില്ലാ ഭാരവാഹികൾ സ്കൂൾ ഹെഡ് മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ JRC യൂണിറ്റിന്റെ ഉത്ഘാടനം 3/09 / 2018 ൽ ഹെഡ്മാസ്റ്റർ നിർവഹിച്ചു.ആ ദിവസം 40 കേഡറ്റുകൾ പ്രതിജ്ഞ എടുത്ത് ജൂനിയർ റെഡ് ക്രോസിൽ അംഗമായി തീർന്നു .അടുത്ത ദിവസം അംഗങ്ങളുടെ യോഗം വിളിച്ചു ചേർത്ത് സെക്രട്ടറി ജോയിന്റ് സെക്രട്ടറി എന്നിവരെ തിരഞ്ഞെടുത്തു.നമ്മുടെ സ്കൂളിൽ രണ്ട് JRC യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട് ഒരു യൂണിറ്റിൽ 20 കുട്ടികൾ .A ലെവലും ബ B ലെവലും C ലെവലും. മറ്റു ക്ലബുകളുമായി ചേർന്നു J R C പ്രവർത്തനങ്ങൾ നടന്നു വരുന്നു .

സ്കൂൾ പരിസരം വൃത്തിയാക്കൽ, ചെടികൾ വെച്ചുപിടിപ്പിക്കൽ ,എന്നിവ കുട്ടികൾ ചെയ്തു വരുന്നു

ജൂൺ 26 ന അന്താരാഷ്ട്ര മയക്കമരുന്നു വിരുദ്ധദിനത്തിൽ JRC അംഗങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു .

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും J RC മെമ്പേർസ് വളരെ സജീവമായിപ്രവർത്തിച്ചു വരുന്നു .സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും ജഴ്സി മെമ്പേർസ് വളരെ സജീവമായിപ്രവർത്തിച്ചു വരുന്നു . മറ്റുള്ളവരുടെയും ആരോഗ്യം സംരക്ഷിക്കുമെന്നും രോഗികളെയും അവശരെയും പ്രത്യേകിച്ച് കുട്ടികളെയും സഹായിക്കുമെന്നും ലോകത്തകമാനമുള്ള ബാലിക ബാലന്മാരെ എന്റെ ആത്മ സുഹൃത്തുക്കളായി കാണും എന്നും എന്ന പ്രതിജ്ഞയിൽ I SERVE എന്നദർശ വാക്യത്തിൽ ഉറച്ചു JRC മുന്നേറുന്നു ...

# GUIDES





**Devika**
**9.R**





ഗീത ഉദയകുമാർ

# ശുഭയാത്ര

ഓർമ്മകളിൽ നിറവസന്തം നൽകി
മാഞ്ഞുപോയ സൗഹൃദങ്ങളും,
കണ്ണിൽ പ്രളയം സമ്മാനിച്ചകന്ന
പ്രിയതരമായ ബന്ധങ്ങളും
മറവിയുടെ മാറാല നീക്കി പതുക്കെ
ഹൃദയ കവാടത്തിന്നരികിലെത്തുന്നു.
ഏതെല്ലാം തീരങ്ങളും,തിരമാലകളും
ഇതിനകം എത്ര ചിത്രങ്ങൾ വരച്ചിരിക്കുന്നു.
പെട്ടന്ന് മാഞ്ഞുപോകുന്നവ,
നിറങ്ങളുള്ളതും,ഇല്ലാത്തതും.വിജനമായ ദിക്കിലൂടെ
ഏകാകിയായ് തോണി തുഴയുന്ന
തുഴക്കാരനാകുന്നു പലപ്പോഴും.
യാത്രക്കാരില്ല,ആരവങ്ങളില്ല
കേവലം നിശ്ശബ്ദമായ് തെന്നിമാറുന്ന കുഞ്ഞോളങ്ങൾ മാത്രം.
മിഴിക്കോണുകളിൽ പ്രതീക്ഷയും,
ചൊടികളിൽ സ്നേഹമന്ത്രണങ്ങളും തിരുകിക്കയറ്റിയുള്ള യാത്ര.
അതിനിടയിൽ ശക്തിയായ കാറ്റും,
കടുത്ത പേമാരിയും,പ്രകമ്പനങ്ങളും
യാത്രയെ തടസ്സപ്പെടുത്തി.
പക്ഷെ,അപ്പോഴും അകക്കാമ്പിൽ തളിരിട്ട്
ഇലകളും,പൂക്കളും ഉണ്ടായിക്കൊണ്ടിരുന്നു.
വർണ്ണപുഷ്പങ്ങളിലെല്ലാം
മഴവില്ലിന്റെ അഴകും,കുളിരുംനിറഞ്ഞുകൊണ്ടിരുന്നു.
യാത്ര അവസാനിക്കുമ്പോൾ
അണയുന്ന തീരം മനോഹരമായിരിക്കും.
പക്ഷികളുടെ കൂജനങ്ങളും,ഇളംകാറ്റും
അവിടെ സ്വാഗതം ചെയ്യാനായി
പരവതാനി വിരിച്ചിരിക്കും.
യാത്ര പൂർണ്ണമാവാൻ,
പുതിയ തീരത്തണയാൻ
മിഴിപ്പൂക്കളിൽ നിറയെ
സുന്ദര സ്വപ്നങ്ങളുമായി
ആഞ്ഞു തുഴയുമ്പോൾ
ആത്മാവിലുറഞ്ഞു കൂടിയതെല്ലാം
ഒരു സങ്കീർത്തനം പോലെ,
മൃദുവാർന്ന തലോടൽ പോലെ
കാല്പനികതയുടെ പുറംതോടിൽ നിന്നും
പുറത്തേക്ക് വാർന്നൊഴുകുമ്പോൾ
എല്ലാം സുഖദമായി പര്യവസാനിക്കുന്നു.
അതെ,സുന്ദരമായ യാത്ര-
ശുഭകരമായ യാത്ര, ഈ ജീവിതയാത്ര
സ്വർഗീയമായിത്തീരുന്നു.



റീതു കൃഷ്ണ എം പി

IX F

# സൗഹൃദം

സ്വപ്നസുന്ദരം സൗഹൃദം
സ്നേഹസുന്ദരം സൗഹൃദം
വാർമഴവില്ലൊന്നണിയും സ്നേഹ നൊമ്പരം......
ഏഴ്ഴ നിറമിതു സൗഹൃദം
സ്നേഹജ്വാലയിൽ മുങ്ങിക്കുളിച്ചൊരു
നേർത്ത ഹിമകണമായിന്നീ സൗഹൃദം
പുലരിയെ പുൽകുന്ന സൂര്യനെ പോലെ
നിദ്രയെ പുൽകുന്ന നിലാവു പോലെ
മനസ്സിനെ പുൽകുന്ന വെൺതാരമാണീ
സൗഹൃദം......
മഴവില്ലിൻ നിറമേകും മനസ്സിന്റെ കണ്ണാടി
നമ്മതൻ കരങ്ങളാൽ തെളിഞ്ഞടവെ
മനസ്സിന്റെ മുറിവിനെ ഉമ്മവച്ചുമ്മവച്ച്
മായ്യു കളയുമീ സൗഹൃദത്തൂവൽ
വെണ്മയാൽ ശോഭിക്കും നാളത്തെ താരങ്ങൾ
സൗഹൃദ മഴയിലെ നേർത്ത മഞ്ഞുതുള്ളി......
സൗഹൃദം ഇരുളിനെ മായ്ക്കുന്ന തിരകളാണ്
ഓരോ മതിലിനും ഓരോ ചുവരിനും

*ചൊല്ലുവാനുണ്ടു ഒരായിരം കഥകൾ*
*വെളിച്ചങ്ങൾക്കൊണ്ട് കറുത്ത ചുവരിൽ എഴുതുയതും*
*മനസ്സിന്റെ ഏടുകളിൽ ഒളിപ്പിച്ച് വച്ചതും*
*സൗഹൃദം മാത്രമാണ്.*



ലക്ഷ്മി ശ്രുതി . ഡി

# അമ്മയും മാതൃഭാഷയും

അമ്മ പകരും
സ്നേഹം പോലെ
മധുരമാണ് മാതൃഭാഷ
അമ്മ എന്നാണ്
ആദ്യ വാക്ക് ; നമ്മുടെ
പുസ്തകത്തിലും
അതിലുപരി നമ്മുടെ മനസ്സിലും
അമ്മയാകുന്ന
മാതൃഭാഷയും
അമ്മയുടെ സ്നേഹവും
മാതൃഭാഷയുടെ
മാധുര്യം ഒന്നുതന്നെ



സൂരജ് പി

9.K

# കാഴ്ച

മൂന്നു  നിരത്തുകൾ ചേരുന്ന കവലയാണ് .എന്റെ വീടിനു മുൻവശത്തുഅപ്പുറവും  ഇപ്പുറവുമായി  മൂന്ന്ബസ്സ്റ്റോപ്പ്കൾ ഉണ്ട്.

ഇവയെ ചുറ്റി പറ്റി ചെറുതും വലുതുമായ കുറെ കടകൾ ഉണ്ട് .എപ്പോഴും

ആൾത്തിരക്ക് ആണ് .വൈകുന്നേരം നടക്കാനിറങ്ങുമ്പോ

ഞാൻ എന്നും ഒരു കാഴ്ച കാണും .ഒരു പെട്ടി കടക്കാരൻ

തന്റെ കടയിൽ നിന്നിറങ്ങി റോഡ് മുറിച്ചു കടന്നു ഇപ്പുറത്തു വന്നു

അവിടെ ബസിറങ്ങിയ ആളെ കൈപിടിച്ചു കടത്തി അപ്പുറത്തെത്തിച്ചു

അവിടെ ഉള്ള ബസ്സ്റ്റോപ്പിൽ ചെന്ന്  നിന്ന് അയാളെ

മറ്റൊരു ബസിൽ കയറ്റി വിടുന്ന കാഴ്ച .അയാളുടെ കടയുടെ മുന്നിൽ പലതും

വാങ്ങാൻ പലരും കത്ത് നിൽക്കേ ആണ് ഇത് .

സ്ക്കൂളെ  കണ്ടിട്ടില്ലാത്ത ഒരാളാണ് ഇ കച്ചവടക്കാരൻ .ചില്ലറ കണക്കു കൂട്ടാൻ

അറിയാമെങ്കിലും എഴുത്തും വായനയും അറിയില്ല .

പാറിപ്പറക്കുന്ന മുടി, കാടുപിടിച്ച കുറ്റിത്താടി ,മുഷിഞ്ഞ

മുണ്ട്, ഷിർട്ടിടാത്ത ദേഹം ,
ഒത്ത നീളവും വണ്ണവും , പരുപരുത്ത പ്രകൃതം.
അങ്ങിനെ ഇരിക്കെ ഒരു ദിവസം ഞാൻ അയാളോട് ചോദിച്ചു
"ആരാണ് നിങ്ങൾ എന്നും സഹായിക്കുന്ന ആൾ "? അറിയില്ലെന്ന
ഭാവത്തിൽ കൈ മലർത്തി കാണിച്ചു . ഞാൻ തരിച്ചു നിന്ന് പോയി ,
കാരണം എത്രയോ പഠിപ്പുള്ള ആളുകൾ ഉള്ളിടത്താണ് ഒന്നും
പഠിക്കാത്ത ഒരാൾ ഈ  സേവനം നടത്തുന്നത്.
അറിവും പരിചയവും ഇല്ലാത്ത ഒരാൾക്ക് വേണ്ടി എന്തിനാണ് ദിവസേന ഇത്രയും
കഷ്ടപെടുന്നതെന്നു കൂടി ഞാൻ ചോദിച്ചു. അത് ഞാൻ ആയിരുന്നെങ്കിൽ
എന്ന് ആലോചിച്ച പോവുന്നത് കൊണ്ട് അയാൾ പറഞ്ഞു
നമ്മുടെ എല്ലാവരുടെയും ആദ്യത്തെ ചിന്ത അതായിരുന്നെങ്കിൽ ...



റിഫ.ഇ
8 m

# സൗഹൃദം

സൗഹൃദങ്ങൾ ഹൃദയത്തിൽ തീജ്വാലകളാകുമ്പോൾ
ജാതി മതത്തിന്റെ വേലിപ്പടർപ്പില്ല
നിയെന്ന ഞാനെന്ന ഭാവമില്ല.

ജാതിമത വർഗങ്ങളെ തുടച്ചു നീക്കട്ടെ
നമുക്ക് ഉൾച്ചെപ്പുകളിൽ നമ്മെപ്പറ്റിപറയാം....
സൗഹൃദമേ നിയെനിക്ക് അത്രമേൽ
ഹൃദയ സ്പർശിയായ സ്പന്ദനമാണ്.

ഒരൊറ്റ പ്രപഞ്ചത്തിൽ കീഴിൽ
ഒരു മനസ്സോടെ നമുക്ക് കൈക്കോർക്കാം
നാളെയുടെ നന്മക്കായി.



മുഹമ്മദ് ഷാനിബ് ആർ

# പുണ്യമീ ജന്മം

9.K

വിദ്യ തന്നാലയം വിദ്യാലയം
വിജ്ഞാനമേകുന്ന പുണ്യതീരം
ഞാനെന്ന നീയെന്ന നമ്മൾ എന്ന
വേർതിരിവില്ലാത്ത ശാന്തി തീരം
മതിലില്ല, മതമില്ല ,ജാതിയില്ല
മാനമൊന്നായ് വാഴുന്ന സ്നേഹതീരം
എത്ര കുരുന്നുകൾക്കറിവിന്റെ നിറദീപം
തെളിയിക്കാനായ് തൻ പുണ്യ ജന്മം
എത്ര കുസൃതി തൻ വികൃതികൾക്കൊപ്പം
എത്ര ചിണുങ്ങുന്ന ചിന്തകൾക്കൊപ്പം
എത്രയോ നിർമ്മല ഹൃദയങ്ങൾക്കൊപ്പം
എത്രയോ തപ്ത നിശ്വാസങ്ങൾക്കൊപ്പം
എത്രനാൾ നീന്തിതുടിച്ചാലും
തീരത്തണയുവാൻ തോന്നുകില്ല
ഒട്ടും കിതക്കില്ല ഒട്ടും മടുക്കില്ല
ഈ സ്നേഹവഞ്ചി കുതിക്കുമെന്നും
ഒരുവാക്കിൽ ഒരു നോക്കിൽ സാന്ത്വനമേകുവാൻ
ഒരുപാട് മോഹം ബാക്കിയുണ്ട്
ഒരു കൊച്ചു ഹൃദയത്തിൽ തിരിവെട്ടമാകുവാൻ
എന്നിലെ അഗ്നി തിളങ്ങുമെന്നും
അടിവെച്ചുയരുവാൻ നിങ്ങൾക്കാകട്ടെ
എങ്കിൽ ധന്യമീ ജന്മം പുണ്യമീ ജന്മം

മുഹമ്മദ് ഷാനിബ് ആർ

# വിദ്യാലയം



അഭിജിത്ത്.K
*IX.K*

എത്ര സുന്ദരമെന്റെ വിദ്യാലയം
അക്ഷരമുറ്റത്തിൻ ചൊരിമണലിലാദ്യമായി
ഞാൻ ഓടി നടന്ന വിദ്യാലയം
അറിവിന്റെ മുത്തുകൾ പെറുക്കിയെടുത്തതും
സൽ പെരുമാറ്റം പഠിച്ചു വളർന്നതും
ഗുരുനാഥ സ്നേഹം ഹൃദയത്തിലറിഞ്ഞതും
അറിവിന്റെ പുസ്തകത്താളുകൾ തുറന്നതും
ഇത്തിരി തണലിലായിരുന്നുവല്ലോ

എന്നുമെന്നും ആദരിക്കുന്നു ഞാൻ
ഭംഗിയാർയാർന്ന എൻ വിദ്യാലയത്തെ
എന്നുമെന്നും ബഹുമാനിക്കുന്നു ഞാൻ
നന്മയാർന്ന എന്റെ വിദ്യാലയത്തെ
കുതുകമാർന്ന എന്റെ വിദ്യാലയത്തെ...

# ആ ഡിസംബർ രാത്രി തുടരുന്നു..........



ശ്രേയസ് സൈറേഷ്.വി

കുന്നുകൾതൻ തലപ്പത്തൊരു ഭാരമായ്
പടർന്നുപന്തലിച്ച് കാടുപിടിച്ച് കിടന്ന
സകലതിനേയും വട്ടി ശരിപ്പെടുത്തി
സ്വതന്ത്രരാക്കിയ മനുഷ്യർ എത്ര നല്ലവർ
വെറുതെ കളകള ശബ്ദകോലാഹല-
മുണ്ടാക്കിയൊഴുകിയ പുഴകളെ
കൂൾഡ്രിങ്ക്സ് കുപ്പിയിലാക്കി മറ്റു
ജീവജാലങ്ങളുടെ തലവേദനയൊഴിവാക്കിയ
മാനവർ എത്ര സന്മനസ്സുള്ളവർ.
ചെളിയും ചേറും പുതച്ച് മടിപിടിച്ച്
കിടന്ന ഫലഭൂയിഷ്ഠിതമാം നെൽപ്പാടങ്ങളെ
മണ്ണിട്ടു നികത്തിയതിവിടെ
കോൺക്രീറ്റ് കെട്ടിടങ്ങൾ സമൂഹത്തി-
ന്നാവശ്യർത്ഥം നിർമ്മിച്ച
പുരുഷനെത്ര സമർത്ഥൻ
ആ ഡിസംബർ രാത്രി വീണ്ടും അഭി-

മാനത്തോടെ തുടരുന്നു
ഈ വരുന്ന പുതുവത്സരത്തിൽ
ഭൂമിയെ ഹിന്ദുവായി ശരണം വിളിപ്പിക്കണോ
മുസ്ലീമായി സുന്നത്ത് കഴിപ്പിക്കണോ
ക്രിസ്ത്യാനിയായി മാമോദീസ മുക്കണോ
എന്ന് തീരുമാനമെടുക്കും .
അതെ! നിങ്ങൾ മനുഷ്യർ ദൈവത്തിന്റെ-
ഏറ്റവും മഹത്തരമായ സൃഷ്ടിയാണ്.



ഷബാന .കെ .കെ

# തെറ്റും ശരിയും

അറിയാത്തോരിഷ്ടം അവളോട്
തോന്നിയെന്നൊരുവേള ഓതിയത്
നിന്റെ തെറ്റ്.......
കണ്ണീർ മഴയത്തകപ്പെട്ടവളെനിൻ
കുടകീഴിൽ നിർത്തിയത്
നിന്റെ തെറ്റ്
ചിറകൊടിഞ്ഞവളുടെ സ്വപ്നങ്ങളേതോ
ചിറകിനാൽ തുന്നിയത്
നിന്റെ തെറ്റ്
ഏകാന്തനേരത്ത് കൂട്ടായ് ചെന്ന്
മനസാർദ്രമാക്കിയത്
നിന്റെ തെറ്റ്
അവളെയും ചേർത്ത നീ നെയ്യോരാ
കനവുകൾ അവളോടായ് ചൊന്നതും
നിന്റെ തെറ്റ്
ഇടതടവില്ലാതെ നിസ്വാർത്ഥമായി നീ
അവളെ കേട്ടതും
നിന്റെ തെറ്റ്
അകലെയായിട്ടും ഹൃത്തടത്തിലെന്നു -
മരികിലായ് നിർത്തിയത്
നിന്റെ തെറ്റ്
കനൽ ചൂടുരുകിയാ ഖൽബിലേക്
കുളിർ മഴ ചാറ്റിയത്
നിന്റെ തെറ്റ്
നിന്റെയീ തെറ്റുകൾ ഏറെ പ്രിയമുള്ള
ശരികളായി തീർത്തതാണവൾ -
തൻ തെറ്റ് .

# ഓർമ്മകൾക്കെന്ത് സുഗന്ധം








1965-66 വർഷത്തെ
എസ് എസ് എൽ സി
ബാച്ചിന്റെ ഒത്തുചേരൽ

# ഭാവിയിലെക്ക് മിഴി പാർത്തിരിപ്പുണ്ട് ........

അവസാനിപ്പിക്കുകയാണ്
ഞങ്ങൾ നട്ടൊരീ കമ്പിൽ
വിരിഞ്ഞ മുകുളങ്ങൾ
എല്ലാം തികവാർന്നതാണെന്ന്
അവകാശപ്പെടുന്നില്ല
നിലമൊരുക്കി
കമ്പ് നാട്ടി എന്നത് തന്നെ വലിയ കാര്യം
പൊട്ടിയ മുകുളങ്ങൾ
പൂവായ് തീരണമെന്ന് തന്നെയാണ്
ഞങ്ങൾ ആഗ്രഹിക്കുന്നതും
അടുത്ത വസന്തത്തിൽ
പൂവായിത്തീരാൻ
ഭാവിയിലേക്ക് മിഴിവാർത്തിരിപ്പുണ്ട്
ഒരായിരം മൊട്ടുകൾ
ഇതിൽ കുറച്ചെങ്കിലും വിരിഞ്ഞ്
മിഴിയുള്ളവർക്ക് നോക്കി നില്ക്കാനായി
വിടർന്ന് പരിലസിച്ചങ്ങനെ
നില്ക്കുമെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു.
കാലമിനിയുമുരുളും വിഷു വരും വർഷം വരും
തിരുവോണം വരും പിന്നെയോരോതളിരിനും
ഇല വരും പൂവരും കായ്‌വരും
എന്നാണല്ലോ കവി വാക്യം.
നിറുത്തട്ടെ.

സ്നേഹത്തോടെ
-ലിറ്റിൽ കൈറ്റ്സ് പ്രവർത്തകർ-

# നന്ദി